NERVEEDHI
Volume -14, Issue -1, 10th January 2025, Monthly, Price ₹ 25, Published at Kottayam
വാല്യം–14, ലക്കം–1, ജനുവരി 2025 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി




## ആകുലമകറ്റി മുന്നേറാം

പേജ് 11

# അർത്ഥസമ്പുഷ്ടമായ ജീവിതം

തിരുവെഴുത്ത് ദൈവമക്കളെക്കുറിച്ച് 'നിങ്ങൾ ദൈവത്തിന്റെ കൃഷി' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ കൃഷിഫലം സമൃദ്ധമായിരിക്കണം എന്ന ലക്ഷ്യത്തിൽ കൃഷിക്കാരൻ വളവും വെള്ളവും നൽകുകയും പരിപാലിക്കുകയും ചെയ്യുന്നു. തക്കസമയത്ത് ഫലം ലഭിക്കണം എന്നാണ് ദൈവം നമ്മെക്കുറിച്ചും ആഗ്രഹിക്കുന്നത്. ആത്മാവിന്റെ വളർച്ചയ്ക്ക് ആവശ്യമായ പോഷക മൂല്യങ്ങൾ തിരുവചനത്തിൽ ലഭ്യമാണ്. ജഡീക സ്വഭാവങ്ങളെ മരിപ്പിച്ചുകൊണ്ട് ആത്മനിയന്ത്രണത്തിൽ ക്രിസ്തുകേന്ദ്രീകൃതമായി ജീവിക്കുന്ന ദൈവമക്കളിൽ ആത്മാവിന്റെ ഫലം പുഷ്ടിയുള്ളതായി കാണപ്പെടും സമയമാകുന്ന രഥത്തിൽ നമ്മുടെ ജീവിതയാത്ര മുമ്പോട്ട് ഗമിക്കുകയാണ്. നാം ഉറങ്ങുമ്പോൾ പോലും ചക്രങ്ങൾ മുമ്പോട്ടോടുകയാണ്. നമ്മെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് തദനുസരണം മുമ്പോട്ട് ഗമിക്കണം എന്നതാണ് നാം നിവർത്തിക്കേണ്ട ദൈവിക പദ്ധതി.

കാലസമ്പൂർണ്ണതയിൽ സർവ്വശക്തനായ ദൈവംതന്നെ മനുഷ്യജന്മമെടുത്ത് ഭൂമിയിലേക്ക് വന്നത് നമ്മെ തന്നോടൊപ്പം ഇരുത്തേണ്ടതിനും വീണ്ടെടുത്ത്, യഥാസ്ഥാനപ്പെടുത്തി, ദൈവമക്കളാക്കി പരിശീലനം നൽകുവാനുമാണ്. യേശുക്രിസ്തുവിന്റെ ജീവിതം ന്യൂനതകളില്ലാതെ തികഞ്ഞ മാതൃകയുള്ളതും കഠിനമായ നിയോഗങ്ങൾ സ്വമനസാലെ ഏറ്റെടുത്ത്, നാം അനുകരിക്കേണ്ടതിന് നമുക്ക് കാണിച്ചു തരുന്നതുമായിരുന്നു. യേശുവിനെ പിരിഞ്ഞ് സ്വയമായി എന്തെങ്കിലും ചെയ്യുവാൻ നാമാരും പ്രാപ്തിയുള്ളവരല്ല. ആകയാൽ ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും ആയിരിക്കുന്ന ഒരു ജീവിതമാണ് ദൈവം പ്രതീക്ഷിക്കുന്നത്. അത് അനുഭവമാക്കിക്കൊണ്ടാണ് അപ്പോസ്തലനായ പൗലോസ്, 'ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു', എന്ന് പ്രഖ്യാപിക്കുന്നത്. നാമും പ്രായോഗികമാക്കേണ്ട ഒരു വലിയ പ്രബോധനമാണിത്.

നമുക്ക് മനസ്സിലാക്കി തരുവാൻ മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പുകളെ ഉദാഹരണമായി യേശുകർത്താവ് പറഞ്ഞിരിക്കുന്നു. മുന്തിരിവള്ളിയിൽ വസിക്കുന്ന ഓരോ കൊമ്പുകളും അതിൽ നിന്ന് ആവശ്യമായ പോഷകമൂല്യങ്ങൾ സ്വീകരിച്ച് തക്കസമയത്ത് വളരെ ഫലം കായ്ക്കുന്നു. അതുപോലെതന്നെ നാമും ക്രിസ്തുവിൽ വസിച്ചുകൊണ്ട്, ക്രിസ്തു നമ്മെ പഠിപ്പിച്ചും കാണിച്ചും തന്നതായ മാതൃക സ്വാംശീകരിച്ചുകൊണ്ട്, അന്ധകാരപൂരിതമായ ലോകത്തിന് വെളിച്ചം നൽകുന്നവരായും വഷളത്വത്തിൽ നശിച്ചു പോകുന്ന ലോകത്തെ കേടുകൂടാതെ സൂക്ഷിക്കുന്ന ഉപ്പെന്നപോലെ പരിരക്ഷിക്കുന്നവരുമായിരിക്കണം എന്നാണ് കർത്താവ് പഠിപ്പിച്ചത്. ഇത് പ്രായോഗികമാക്കണമെങ്കിൽ യേശുകർത്താവുമായി നമുക്ക് വളരെ ഇഴയടുപ്പമുള്ള ഒരു ആത്മബന്ധത്തിൻജീവിതം ഉണ്ടായിരിക്കണം. മനുഷ്യന്റെ സ്വന്തം കഴിവുകൊണ്ടോ പ്രാപ്തി കൊണ്ടോ ഇവയൊന്നും സാധ്യമാകയില്ല. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുന്നതിലൂടെ മാത്രമാണ് ഈ ദൗത്യം നിറവേറ്റപ്പെടുന്നത്. അർത്ഥപൂർണ്ണമായ ഒരു ജീവിതത്തിന് ഊന്നൽ നൽകിക്കൊണ്ട് ഈ ലക്കത്തിലെ സന്ദേശം ഇക്കാര്യം വ്യക്തമാക്കുന്നു. മറ്റെല്ലാ ലേഖനങ്ങളും വായനക്കാരുടെ ആത്മീക വർദ്ധനയെ ലാക്കാക്കി പരിശുദ്ധാത്മപ്രേരിതമായി എഴുതപ്പെട്ടിട്ടുള്ളതാണ്.

ദൈവത്തിന്റെ വലിയ കൃപയാലും കരുണയാലും നേർവീഥി മാസികാപ്രവർത്തനങ്ങൾ അതിന്റെ 14-ാം വർഷത്തിലേക്ക് കടക്കുകയാണ്. വായനക്കാരിൽ ആത്മിക മൂല്യങ്ങൾ നിറയ്ക്കുന്നതിനും യേശു കർത്താവിന്റെ എല്ലാ നിറവിനോളവും ആത്മനിറവും വളർച്ചയും ഉണ്ടാകേണ്ടതിനും കാമ്പും കഴമ്പും ഉള്ള ഉത്തമമായ ലേഖനങ്ങൾ എഴുതി നൽകിയ എല്ലാ എഴുത്തുകാരോടും, ഇതുവരെയും പ്രാർത്ഥനയാലും സാമ്പത്തികമായും പ്രത്യക്ഷമായും പരോക്ഷമായും ഞങ്ങളെ സഹായിച്ച എല്ലാ പ്രിയപ്പെട്ടവരോടും ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളട്ടെ. തുടർന്നും എല്ലാവരുടെയും പ്രാർത്ഥനാസഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് പതിനാലാം വാല്യത്തിന്റെ ആദ്യലക്കം പ്രിയ വായനക്കാർ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു. ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

പുസ്തകം 14 ലക്കം 1
ജനുവരി 2025


# ഈ ലക്കത്തിൽ


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



**ആത്മബന്ധത്തിലൂടെ ഫലം കായ്ക്കുന്ന ജീവിതം** 4
ജോയ് എം. തോമസ്

**സഭ ആത്മിക പോരാട്ടം മറന്നുവോ?** 7
സാജു മാത്യു

**ആരാണ് ഈ മൽക്കീസേദെക്ക്?** 9
ചെയ്സ് ജോസഫ്

**ആകുലമകറ്റി മുന്നേറാം** 11
ജോർജ് മാത്യു, പുതുപ്പള്ളി

**മുറിക്കുകയും മുറിവ് കെട്ടുകയും ചെയ്യുന്ന...** 13
ഫ്രാൻസിസ് ഫ്രാങ്കിപെൻ

**മനസ്സിലാകാതിരുന്ന അകപ്പൊരുളുകൾ** 16
അനു ഗ്രേസ് ചാക്കോ

**വനിതാ വീഥി** 19
സുജ വിനു

**എന്തുകൊണ്ട് ചഞ്ചലഹൃദയം...?** 21
വാച്ച്മാൻ നീ

**വേദ അധ്യയനം** 23
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# ആത്മബന്ധത്തിലൂടെ ഫലം കായ്ക്കുന്ന ജീവിതം

**ജീ**വിതം ഒരു യാത്രയാണ്. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും പിന്നിട്ട് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു യാത്ര.

2024 പിന്നിട്ട് നാമിപ്പോൾ 2025 ലൂടെയുള്ള യാത്ര ആരംഭിച്ചിരിക്കുന്നു. ഓരോ ദിവസവും നമ്മെ സംബന്ധിച്ച് വളരെ വിലപ്പെട്ടതാണ്. കാരണം യാത്ര തീരും മുമ്പേ നമുക്ക് ചെയ്തു തീർക്കുവാനുള്ള ദൗത്യങ്ങൾ ഏറെ ഉണ്ട്.

ആയുസ്സിന്റെ ദാതാവായ ദൈവവുമായുള്ള ആത്മബന്ധം ആണല്ലോ വാസ്തവത്തിൽ നമ്മുടെ ആയുസ്സിനെ അർത്ഥമുള്ളതാക്കുന്നത്. ഈ ആയുസ്സ് അവിടുത്തേക്കായി ജീവിക്കുവാൻ അവിടുന്ന് തിരഞ്ഞെടുത്തു എന്നത് നമ്മെ ഭാഗ്യവാന്മാർ ആക്കിയിരിക്കുന്നു. ദൈവത്തിനായി ജീവിക്കുക എന്നതുകൊണ്ട് ദൈവത്തെ പ്രതിനിധീകരിച്ചുകൊണ്ട് ജീവിക്കുകയും ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ വിശ്വസ്തതയോടെ ചെയ്തു ദൈവത്തിന് മഹത്വം കൊടുക്കുകയും ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്

ദൈവം നമ്മെ തിരഞ്ഞെടുത്തതിന്റെ മൂല്യവും ഉദ്ദേശ്യവും നാം ഗൗരവമായി മനസ്സിലാക്കി പ്രവർത്തനനിരതരാകുമ്പോൾ മാത്രമാണ് ജീവിതം അർത്ഥമുള്ളത് ആകുന്നത്. അതല്ലായെങ്കിൽ ദൈവം നൽകുന്ന ആയുസ്സ് നാം പാഴാക്കുകയാണ്. ദൈവം അനുവദിച്ചു തരുന്ന ദിവസങ്ങൾ ഏറ്റവും വിലപ്പെട്ടത് ആണെന്ന് നാം തിരിച്ചറിയണം.

നമ്മുടെ തെരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നതാണ് ഇവിടെ ഉദ്ധരിക്കുന്ന കർത്താവിന്റെ വാക്കുകൾ. 'നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കി വെച്ചുമിരിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്ക് തരുവാനായിട്ട് തന്നെ (യോഹന്നാൻ15:16).

കർത്താവാണ് നമ്മെ തിരഞ്ഞെടുത്തത് എന്നതാണ് തിരഞ്ഞെടുപ്പിന്റെ മൂല്യം. വലിയ ഒരു ജനാവലിയുടെ മദ്ധ്യേ നിന്നാണ് കർത്താവ് നമ്മെ തനിക്കായി തിരഞ്ഞെടുത്തത്. അതുകൊണ്ട് നമ്മുടെ ഭാഗ്യം അവർണ്ണ

**ആയുസ്സിന്റെ ദാതാവായ ദൈവവുമായുള്ള ആത്മബന്ധം ആണല്ലോ വാസ്തവത്തിൽ നമ്മുടെ ആയുസ്സിനെ അർത്ഥമുള്ളതാക്കുന്നത്. .... ദൈവത്തിനായി ജീവിക്കുക എന്നതുകൊണ്ട് ദൈവത്തെ പ്രതിനിധീകരിച്ചുകൊണ്ട് ജീവിക്കുകയും ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ വിശ്വസ്തതയോടെ ചെയ്തു ദൈവത്തിന് മഹത്വം കൊടുക്കുകയും ചെയ്യുക എന്നാണ്**

നീയമാണ്. യോഗ്യതയുടെ അടിസ്ഥാനത്തില ല്ല അവിടുന്ന് നമ്മെ തെരഞ്ഞെടുത്തതെന്ന് നമു ക്കറിയാം. അവിടുത്തെ കൃപ മാത്രം! അ തുകൊണ്ട് കർത്താവ് പറയുന്നു:' നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല ഞാൻ നിങ്ങളെ തെ രഞ്ഞെടുത്തു'. നമ്മുടെ മഹാഭാഗ്യം! നാം അതി ന്റെ വില തിരിച്ചറിഞ്ഞ് കർത്താവിനോട് നന്ദിയും വിധേയത്വവും ഉള്ളവരായിരിക്കണം.

കർത്താവ് നമ്മെ എന്തിനായിട്ടാണ് തി രഞ്ഞെടുത്തത്? പോയി ഫലം കായ്ക്കുവാനും ഫലം നിലനിൽക്കുവാനും 'പോകുക' എന്നത് കർത്താവ് നൽകുന്ന നിയോഗമാണ്. കർത്താ വ് നൽകുന്ന മഹാനിയോഗവുമായി (Great commission) ഇതിനു ബന്ധമുണ്ട്. 'ആകയാൽ നിങ്ങൾ പുറപ്പെട്ട്....' (മത്തായി 28:19) 'ഭൂലോക ത്തിൽ ഒക്കെയും പോയി...'(മർക്കോസ് 16:15) എന്ന നിയോഗമാണ് കർത്താവ് തന്റെ ശിഷ്യന്മാ ർക്ക് നൽകിയത്. 'പോവുക' എന്നാൽ നമ്മുടെ ഇഷ്ടപ്രകാരം പോകുക എന്നല്ല, പ്രത്യുത, കർ ത്താവിനാൽ അയയ്ക്കപ്പെട്ടവരായി പോകുക എ ന്നതാണ്. അപ്പോൾ 'ലോകാവസാനത്തോളം ഞാൻ നിങ്ങളോട് കൂടെയുണ്ട്'എന്ന കർത്താ വിന്റെ വാഗ്ദത്തം നിവർത്തിക്കപ്പെടും.

നമ്മുടെ ക്രിസ്തീയജീവിതത്തിന് ഒരു ചല നം (movement) ആവശ്യമാണ്. ഒരേ സ്ഥിതി യിൽ ചലനമറ്റ ഒരു ജീവിതം അഥവാ നിഷ്ക്രി യമായ ജീവിതം അല്ല ക്രിസ്തീയജീവിതം. നാം ആളുകളുടെ ഇടയിലേക്ക്, അവരുടെ അ ടുത്തേക്ക് പോകണം. എങ്കിൽ മാത്രമേ നമ്മിൽ നിന്നും ഫലം പുറപ്പെടുകയുള്ളൂ. സേവനത്തി ലൂടെ കർത്താവിന്റെ സാക്ഷ്യം വഹിക്കുവാൻ നാം കർമ്മനിരതരാകേണ്ടത് അത്യാവശ്യമാണ്. കർത്താവ് അവിടുത്തെ ശിഷ്യന്മാരെ ഉപ്പിനോടും വെളിച്ചത്തോടും ഒക്കെ സദൃശ്യപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹ ത്തിൽ നിറഞ്ഞു നാം പ്രവർത്തനനിരതരാ കുമ്പോൾ ഉപ്പ് രുചിപ്പിക്കുന്നതുപോലെയും, വെളി ച്ചം പ്രകാശിക്കുന്നതു പോലെയും നമ്മുടെ ജീ വിതം അനേകർക്ക് അനുഗ്രഹമായിത്തീരും.

കൊമ്പുകളിലാണ് ഫലം കായ്ക്കുന്നതെങ്കി ലും ഫലം മുന്തിരിവള്ളിയുടെ ഗുണമാണ് വെളിപ്പെടുത്തുന്നത്. അന്ധകാരത്തിൽ നിന്നും ത ന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കേണ്ടതിനാണ് കർ ത്താവ് നമ്മെ തെരഞ്ഞെടുത്തതെന്ന് 2 പത്രോസ് 2 :9 ൽ നാം വായിക്കുന്നു. നമ്മുടെ ജീവിതത്തി ലൂടെ നാം ക്രിസ്തുവിനെ വെളിപ്പെടുത്തേണ്ടതി നു വിളിക്കപ്പെട്ടവരാണ്. തിരഞ്ഞെടുത്തതിന്റെ ഉദ്ദേശ്യം നമ്മിലൂടെ പൂർത്തീകരിക്കപ്പെടുമ്പോൾ നമ്മുടെ ജീവിതം അർത്ഥമുള്ളതായിത്തീരുന്നു. മുന്തിരിവള്ളിയുടെ ഗുണം ഫലം വെളിപ്പെടുത്തു ന്നു! അതുകൊണ്ട് എല്ലാ കൊമ്പുകളും ഫലം കാ യ്ക്കണം എന്ന് തോട്ടക്കാരൻ നിർബന്ധമായും ആവശ്യപ്പെടുന്നു. ഫലം കായ്ക്കാത്ത കൊമ്പു കൾ നീക്കം ചെയ്യപ്പെടും.

കൊമ്പിനു സ്വയമേ ഫലം കായ്ക്കുവാൻ ക ഴിയുന്നതല്ല. കൊമ്പുകൾ ചെയ്യേണ്ട ഒരേ ഒരു കാ ര്യം മുന്തിരിവള്ളിയിൽ വസിക്കുക എന്നത് മാ ത്രമാണ്. യേശുകർത്താവിന്റെ വാക്കുകൾ ശ്രദ്ധി ക്കുക: 'എന്നിൽ വസിപ്പീൻ, ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസി ച്ചിട്ടല്ലാതെ സ്വയമായി കായ്ക്കുവാൻ കഴിയാത്ത തു പോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾ ക്കു കഴിയുകയില്ല' (യോഹന്നാൻ 15, 4,5). യേശു വിൽ വസിക്കുക എന്നത് കർത്താവിന്റെ വചനം അനുസരിക്കുക എന്നതാണ്. യോഹന്നാൻ തന്റെ ലേഖനത്തിൽ അത് തെളിവായി പറഞ്ഞിരിക്കു ന്നു. 'അവനെ അറിഞ്ഞിരിക്കുന്നു എന്ന് പറയു കയും അവന്റെ കൽപ്പനകളെ പ്രമാണിക്കാതിരി ക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. സത്യം അവനിലില്ല. എന്നാൽ ആരെങ്കിലും അ വന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ ദൈവസ് നേഹം വാസ്തവമായി അവനിൽ തികഞ്ഞിരിക്കു ന്നു. നാം അവനിൽ ഇരിക്കുന്നു എന്ന് ഇതിനാൽ നമുക്ക് അറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ട താകുന്നു' (1 യോഹന്നാൻ 2:46) അറിയുക, വ സിക്കുക, അനുസരിക്കുക.

നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എ ന്റെ കൽപ്പനകളെ കാത്തുകൊള്ളും ( യോഹ ന്നാൻ 14 :15). നാം ദൈവത്തെ സ്നേഹിച്ച് അ വന്റെ കൽപ്പനകളെ അനുസരിച്ച് നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാല റിയാം (1 യോഹന്നാൻ 5:2 ) എന്നു നാം വാ യിക്കുന്നു. സ്നേഹത്തിൽ നിന്ന് മാത്രമേ അനു സരിക്കുവാൻ കഴിയുകയുള്ളൂ. ചുരുക്കത്തിൽ നാം കർത്താവിൽ വസിക്കുക എന്നത് കർത്താ വിനെ സ്നേഹിക്കുന്നതും കർത്താവിനെ അറി യുന്നതും അനുസരിക്കുന്നതും എല്ലാമാണ്. അ ത് കർത്താവുമായുള്ള നമ്മുടെ ദൃഢമായ ആത്മ

ബന്ധമാണ്. ഈ ആത്മബന്ധത്തിൽ കൂടിയാണ് യേശുവിന്റെ ഗുണങ്ങൾ നാം ഉൾക്കൊള്ളുന്നതും അവിടുത്തെ സ്വഭാവത്തോട് അനുരൂപപ്പെടുന്നതും. അപ്പോൾ സ്വാഭാവികമായും യേശുവിന്റെ ഗുണങ്ങൾ നാം വാക്കിലും പ്രവർത്തിയിലും ഘോഷിക്കുന്നവരായിത്തീരും.

നാം ഫലം കായ്ക്കുന്നതിനാൽ അതായത് ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നതിനാൽ അനേകർ ക്രിസ്തുവിനെ അറിയുവാൻ കാരണമാകും. ക്രിസ്തുവിലേക്ക് മറ്റുള്ളവരെ ആകർഷിക്കുക അഥവാ നയിക്കുക എന്നതാണ് നമ്മുടെ യഥാർത്ഥ ദൗത്യം. ഇത് നമ്മുടെ ജീവിതവീക്ഷണം ആയിരിക്കട്ടെ. നമ്മുടെ ആഗ്രഹവും പ്രാർത്ഥനയും അതിന് ആവശ്യമായ ദൈവകൃപ ലഭിക്കുക എന്നതായിരിക്കട്ടെ.

കർത്താവ് നമ്മിൽ നിന്നും ഫലം ആഗ്രഹിക്കുന്നു. 'വളരെ ഫലം' ആഗ്രഹിക്കുന്നു. അതുകൊണ്ട് തന്നിൽ കായ്ക്കുന്ന കൊമ്പുകൾ അധികം ഫലം കായ്ക്കേണ്ടതിനു അവിടുന്ന് ചെത്തി വെടിപ്പാക്കുന്നു. 'എന്നിൽ കായ്ക്കാത്ത കൊമ്പൊക്കെയും അവൻ നീക്കിക്കളയുന്നു, കായ്ക്കുന്നതൊക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു' (യോഹന്നാൻ 15: 2). ഫലം കായ്ക്കുന്നതിന് തടസ്സമായി ഈ കൊമ്പുകളിൽ അനാവശ്യമായി വളരുന്ന ചെറിയ ശിഖരങ്ങൾ മാറ്റിക്കളയേണ്ടത് കൂടുതൽ ഫലം കായിക്കുവാൻ ആവശ്യമാണ്. അതുപോലെതന്നെ നമ്മുടെ ജീവിതം യേശുവിനെ കൂടുതൽ വെളിപ്പെടുത്തുന്ന ജീവിതമാകേണ്ടതിന് തടസ്സമായി നമ്മിൽ വരുന്ന അനാവശ്യമായ ആഗ്രഹങ്ങൾ നമ്മിൽ നിന്നും നീക്കപ്പെടണം. അപ്രകാരം ഒരു ശുദ്ധീകരണം നമുക്ക് ആവശ്യമാണ്. അതിനായി കർത്താവ് ചിലപ്പോൾ നമ്മെ ബാലശിക്ഷയിലൂടെ നടത്തുന്നു. അപ്പോൾ നമ്മുടെ ആത്മബന്ധം ദൃഢപ്പെടുത്താൻ നാം കർത്താവിനോട് കൂടുതൽ അടുക്കുകയാണ് ആവശ്യം.

ഫലം കായ്ക്കണം, വളരെ ഫലം കായ്ക്കണം എന്നതുപോലെ, നമ്മുടെ ഫലം നിലനിൽക്കണം എന്നും നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. വികാരഭരിതരായി ഒരു ആവേശത്തിൽ എന്തെങ്കിലും പറയുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതല്ല കർത്താവ് ആഗ്രഹിക്കുന്നത്: പ്രത്യുത, സ്ഥിരോത്സാഹവും സമർപ്പണവും ഉള്ളവരായി കർത്താവിന്റെ ഇഷ്ടം അറിഞ്ഞ് പക്വതയോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. ക്ഷണികമായ ഒരു ആത്മീയ ജീവിതമല്ല നമുക്കു വേണ്ടത്. നിലനിൽക്കുന്നതും നിത്യതയുടെ ഉൾക്കാഴ്ചയുള്ളതുമായ ആത്മീയജീവിതമാണ് നാം ഇന്ന് നയിക്കേണ്ടത്. കർത്താവിനോടൊപ്പം ഉള്ള നിത്യതയാണ് നമ്മുടെ സ്വപ്നം.

**ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നതിനാൽ അനേകർ ക്രിസ്തുവിനെ അറിയുവാൻ കാരണമാകും. ക്രിസ്തുവിലേക്ക് മറ്റുള്ളവരെ ആകർഷിക്കുക എന്നതാണ് നമ്മുടെ യഥാർത്ഥ ദൗത്യം. ഇത് നമ്മുടെ ജീവിതവീക്ഷണം ആയിരിക്കട്ടെ.**

നിത്യതയുടെ വെളിച്ചത്തിലാണ് നാമെല്ലാ കാര്യങ്ങളെയും വിലയിരുത്തേണ്ടത്. തീയിൽക്കൂടി ശോധന ചെയ്യുമ്പോൾ വെന്തു പോകുന്ന പണി ചെയ്യുവാൻ നാം അധ്വാനിക്കുന്നു എങ്കിൽ എത്ര ഭോഷന്മാരായിരിക്കും. 'ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും. ഓരോരുത്തരുടെ പ്രവൃത്തി ഇന്ന വിധം എന്ന് തീ തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തു പോയെങ്കിലോ അവനു ചേതം വരും താനോ രക്ഷിക്കപ്പെടും. എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ (1കൊരിന്ത്യർ 3:12-14). നിലനിൽക്കുന്ന ജീവിതം ജീവിക്കുകയും നിത്യതയിൽ പ്രതിഫലയോഗ്യമായി പ്രവർത്തിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

2025 നെ നമുക്ക് പ്രയോജനപ്പെടുത്താം. പോയി ഫലം കായ്ക്കുവാൻ നമുക്ക് കഴിയട്ടെ! അതിനായി ദൈവം നമ്മെ ഓരോരുത്തരെയും ശക്തീകരിച്ച് അനുഗ്രഹിക്കട്ടെ. •



സാജു മാത്യു

# സഭ ആത്മീക പോരാട്ടം മറന്നുവോ?

***"അതിനു ദാവീദ്; ഞാൻ ഇപ്പോൾ എന്തു ചെയ്തു? ഒരു വാക്കല്ലെ പറഞ്ഞുള്ളൂ എന്നു പറഞ്ഞു"* (1 ശമുവേൽ 17:29).**

നിങ്ങൾ എവിടെ ആയിരിക്കുന്നുവോ, അവിടെത്തന്നെ മുഴുവനായും ആയിരിക്കുക. (Where ever you are, be all there...!) സുവിശേഷ രണാങ്കണത്തിൽ 29-ാമത്തെ വയസ്സിൽ പൊരുതി മരിച്ച ജിം എലിയറ്റിന്റെ വാക്കുകൾ ആണിത്. ഒരു ദൗത്യം നിർവഹിക്കുന്നതിൽ നമുക്ക് എത്രത്തോളം ഏകാഗ്രത ഉണ്ടായിരിക്കണം എന്ന് ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ബാലനായ ദാവീദിന് മല്ലനായിരുന്ന ഗോല്യാത്തിനെ കൊല്ലാൻ കഴിഞ്ഞതിന്റെ കാരണം യുദ്ധത്തിലുള്ള അവന്റെ പ്രാവീണ്യം അല്ല; പ്രത്യുത, ദൈവത്തോടുള്ള അവന്റെ ഏകാഗ്രതയും ദൈവനാമ മഹത്വത്തിനായുള്ള അവന്റെ തീക്ഷ്ണതയുമാണ്. ദാവീദ് "എവിടെയായിരുന്നോ അവൻ മുഴുവനായും അവിടെത്തന്നെ"യായിരുന്നു. അവന്റെ ശരീരം എവിടെയായിരുന്നോ അവിടെത്തന്നെയായിരുന്നു അവന്റെ മനസ്സും. അവന്റെ മനസ്സ് എവിടെയായിരുന്നോ അവിടെത്തന്നെയായിരുന്നു അവന്റെ ആത്മാവും. അവൻ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായിരുന്നു. (ബോധിച്ച പുരുഷൻ - a man after his own heart- 1 ശമുവേൽ 13: 14; അപ്പോസ്തലപ്രവർത്തികൾ 13:22).

എന്താണ് "ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ" എന്നതിനർത്ഥം? 'കുറവുകളില്ലാത്ത വ്യക്തി' എന്നാണോ? ഒരിക്കലുമല്ല. ദൈവത്തിന്റെ ഹൃദയത്തിനു പുറകെ നടക്കുന്നവൻ... എല്ലാത്തിനും ദൈവത്തിന്റെ ഹൃദയം തിരക്കുന്നവൻ... ദൈവത്തിന്റെ ഹൃദയം എവിടെയാണോ അവിടെത്തന്നെയായിരിക്കും അവന്റെയും ഹൃദയം. ദൈവത്തിനു വേദനിക്കുമ്പോൾ അവനും വേദനിക്കും; ദൈവം സന്തോഷിക്കുമ്പോൾ അവനും സന്തോഷിക്കും; ദൈവം സ്നേഹിക്കുന്നതിനെ അവനും സ്നേഹിക്കും. ദൈവം വെറുക്കുന്നതിനെ അവനും വെറുക്കും... അതാണ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യന്റെ പ്രത്യേകത. അതിനു പ്രായവ്യത്യാസമൊന്നുമില്ല. ദാവീദ്, കുടുംബത്തിലെ ഇളയവനായിരുന്നു (1 ശമുവേൽ 16:11). പ്രായവും തടിമിടുക്കും നോക്കിയാവണം ശൗൽ പട്ടാളത്തിൽ ആളെ ചേർത്തത്. "ശൗൽ ഏതൊരു വീരനെയോ ശൂരനെയോ കണ്ടാൽ അവനെ തന്റെ അടുക്കൽ ചേർത്തുകൊള്ളും" (1ശമുവേൽ 14: 52). എന്നാൽ യഹോവ അങ്ങനെയല്ല ചെയ്യുന്നത്.

ദാവീദിന്റെ ഭവനത്തിൽ യിശ്ശായിപുത്രന്മാരിൽ -ഏറ്റവും ദുർബലൻ ദാവീദായിരുന്നുവെന്നു വേണം കരുതാൻ... മൂത്ത മൂന്നുപേരും "വീരനും ശൂരനും" ആയതുകൊണ്ട് ശൗൽ അവരെ പട്ടാളത്തിലെടുത്തു. ഏലീയാബും അബീനാദാബും ശമ്മയും (1 ശമുവേൽ 16: 13). എന്നാൽ ദാവീദ് തടിമിടുക്കും (ഒരുപക്ഷെ ബുദ്ധിയും?) കുറഞ്ഞവനായതുകൊണ്ട് അവനെ ആടിനെ മേയ്ക്കാൻ വിട്ടു. "അവന് ആടിന്റെ ശബ്ദം മാത്രമേ അറിയൂ" പിന്നെ കിന്നരം വായിച്ച് പാട്ടും പാടി നടക്കും. ഇതായിരുന്നിരിക്കണം അവന്റെ വീട്ടുകാർക്ക് അവനെക്കുറിച്ചുള്ള അഭിപ്രായം. എന്നാൽ ദൈവം അവന്റെ ഹൃദയത്തെ കണ്ടു. "മനുഷ്യർ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു..."

(1 ശമുവേൽ 16:7).നമ്മുടെ വേദഭാഗത്തേക്ക് (1 ശമുവേൽ 17) -യുദ്ധക്കളത്തിന്റെ വിവരണത്തിലേക്ക്– നമുക്കു മടങ്ങിവരാം. എന്താണ് യുദ്ധക്കളത്തിൽ നടക്കുന്നത്? ഫെലിസ്ത്യമല്ലനായ ഗോല്യാത്ത് നാല്പത് ദിവസം രാവിലെയും വൈകിട്ടും വന്ന് യിസ്രായേൽ സൈന്യത്തെ വെല്ലുവിളിക്കുന്നു. ധൈര്യമുള്ള ഒരു ചുണക്കുട്ടിയെ തെരഞ്ഞെടുത്ത് അവനുമായി യുദ്ധം ചെയ്യാൻ (1 ശമുവേൽ 17: 16). ഗോല്യാത്തിനെ ക്കാണുമ്പോൾ യിസ്രായേല്യരൊക്കെയും അവന്റെ മുമ്പിൽ നിന്ന് ഓടിപ്പോകുന്നു (1 ശമുവേൽ 17: 24). നാല്പത് ദിവസമായിട്ടും യുദ്ധം നടന്നില്ല. ആകെ നടക്കുന്നത് ഫെലിസ്ത്യന്റെ പോർവിളിമാത്രം. എന്തുകൊണ്ട് പടക്കളത്തിൽ പോരാട്ടമില്ല? ദൈവത്തിന്റെ ഹൃദയമറിയുന്ന ഒരു അഭിഷിക്തന്റെ അഭാവം. അല്ലാതെന്ത്? ഇതാ അഭിഷിക്തനായ ദാവീദ് സീനിലേക്ക് കടന്നുവരുന്നു. കാര്യങ്ങൾ തിരിഞ്ഞുമറിയുകയായി. പിശാചിന്റെ പോർവിളികേട്ട് ശൗലിന്റെ ചേവകർ (1 ശമുവേൽ 17: 8) പേടിച്ചോടും. എന്നാൽ ദൈവത്തിന്റെ ഹൃദയം കണ്ടറിഞ്ഞ ദാവീദിന് പേടിച്ചോടുവാൻ കഴിയില്ല. അവൻ പോരാട്ടത്തിനു കൊതിക്കുകയാണ്.അഭിഷേകം നഷ്ടപ്പെട്ട ശൗലിന് ഓടുവാനേ അറിയൂ. അഭിഷിക്തനായ ദാവീദിന് പോരാടുവാനേ അറിയൂ.

യുദ്ധത്തിനൊരുക്കമല്ലെങ്കിലും യുദ്ധംപോലെയെന്തൊക്കെയോ യിസ്രായേൽമക്കളും കാട്ടിക്കൂട്ടുന്നുണ്ട്. ദാവീദ് പടക്കളത്തിലെത്തിയപ്പോൾ "സൈന്യം പടയ്ക്ക് ആർത്തുവിളിച്ചുകൊണ്ട് പുറപ്പെടുകയായിരുന്നു" (1 ശമുവേൽ 17: 21). യിസ്രായേലും ഫെലിസ്ത്യരും നേർക്കുനേരെ അണിനിരന്നു (1 ശമുവേൽ 17: 21). ദാവീദ് താൻ കൊണ്ടുവന്ന സാധനങ്ങൾ സൂക്ഷിപ്പുകാരനെ ഏല്പ്പിച്ച് പടയണിയിൽ യുദ്ധത്തിനൊരുങ്ങി നിൽക്കുന്ന സഹോദരന്മാരുടെ അടുക്കൽ ചെന്ന് കുശലം ചോദിച്ചു (1 ശമുവേൽ 17: 22).

ദാവീദ് സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ഗോല്യാത്ത് വീണ്ടും വന്ന് മുമ്പിലത്തെപ്പോലെ പോർവിളി നടത്തി (1 ശമുവേൽ 17: 23)... ദാവീദ് നോക്കുമ്പോൾ എല്ലാവരും ഓടുന്നു (1 ശമുവേൽ 17: 24). ഇതെന്ത് ഇവിടെ യുദ്ധമല്ലേ, ഓട്ടമാണോ നടക്കുന്നത്? ദാവീദിന് സംശയമായി. എല്ലാവരും ഓടിയിട്ടും (ദാവീദിന്റെ സഹോദരന്മാരും ശൗലും ഉൾപ്പെടെയുള്ളവർ) പടക്കളത്തിൽ ഓടാതെ നിൽക്കുന്ന പടയാളിയല്ലാത്ത ദാവീദിനെ കണ്ട് യിസ്രായേല്യർ പറഞ്ഞു: "എന്താ നീ അവിടെ നോക്കിനിൽക്കുന്നത്? അക്കരെ വന്നു നിൽക്കുന്ന ഫെലിസ്ത്യനെ നീ കണ്ടില്ലേ?" യിസ്രായേലിനു നാണക്കേടുണ്ടാക്കാൻ വന്നിരിക്കയാണവൻ. എന്താ ഒരു കൈ നോക്കുന്നോ? അവനെ കൊല്ലുന്നവനെ രാജാവ് മഹാസമ്പന്നനാക്കുകയും തന്റെ മകളെ അവനു കൊടുക്കുകയും അവന്റെ പിതൃഭവനത്തിന് യിസ്രായേലിൽ കരമൊഴിവു കല്പിച്ചു കൊടുക്കുകയും ചെയ്യും എന്നു പറഞ്ഞിട്ടുണ്ട്. ഒന്നു പയറ്റിനോക്ക് (1 ശമുവേൽ 17: 25).

വാളും പരിചയും കുന്തവും ഒന്നുമില്ലാതെ ഒരു ഇടയച്ചെറുക്കൻ ഫെലിസ്ത്യമല്ലനെതിരെ കണ്ണും തുറിച്ച് നോക്കിനിൽക്കുന്നതു കണ്ട് യിസ്രായേല്യൻ പരിഹസിച്ചതാണ് ദാവീദിനെ. പാവം ദാവീദിന്, അവർ തന്നെ പരിഹസിക്കുകയാണെന്നൊന്നും മനസ്സിലായില്ല. അവൻ അടുത്തുവന്നു ചോദിച്ചു... "എന്താ പറഞ്ഞത്? ഈ ഫെലിസ്ത്യനെ കൊല്ലാൻ ആരുമില്ലെ? ജീവനുള്ള ദൈവത്തിന്റെ സേനയെ നിന്ദിപ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആര്? ഇവനെ കൊല്ലുന്നതിന് ഇനി കൂലിയും കൊടുക്കണോ? രാജാവ് അങ്ങനെ പറഞ്ഞോ? കഷ്ടം!'' (1 ശമുവേൽ 17: 26).

നോക്കുക! ഒറ്റവായനയിൽ ദാവീദ് പ്രതിഫലം – പണവും രാജപുത്രിയും – പ്രതീക്ഷിച്ച് യുദ്ധത്തിനൊരുങ്ങി എന്നു തോന്നാം. എന്നാൽ സത്യമതല്ല, പ്രതിഫലം കൊതിച്ചല്ല ദാവീദ് യുദ്ധത്തിനൊരുങ്ങിയത്. അവനെ സംബന്ധിച്ചിടത്തോളം പോരാട്ടം ഒരു പദവിയാണ്. യിസ്രായേലിന്റെ നിന്ദയെ നീക്കിക്കളയാൻ ദൈവം അവനുകൊടുത്ത ഒരു അവസരം.

ആത്മീയപോരാട്ടം പ്രതിഫലം കൊതിച്ച് ചെയ്യുന്ന ഒരു ജോലിയല്ല. അതൊരു പദവിയാണ്. ഞാൻ യേശുവിനെ സാക്ഷിക്കുന്നതും സുവിശേഷമറിയിക്കുന്നതും ആത്മാക്കളുടെ വിടുതലിനായി ഇടിവിൽനിന്നു പ്രാർത്ഥി ക്കുന്നതും ഒന്നും... അങ്ങനെ ചെയ്താൽ എനിക്ക് എന്തു കിട്ടും എന്നുള്ള ചിന്തയിലല്ല. സാത്താനോട് എതിർത്തുനിൽക്കാനും പിശാചിന്റെ കോട്ടകളെ ഇടിച്ചുനിരത്തി അവൻ കയ്യടക്കിവച്ചിരിക്കുന്ന ദൈവസൃഷ്ടിയായ ഒരു വ്യക്തിയെ എങ്കിലും വിടുവിച്ച് ദൈവരാജ്യത്തിലെത്തിക്കാൻ എനിക്കു കഴിഞ്ഞാൽ അതൊരു മഹാഭാഗ്യമായി ഞാൻ കണക്കാക്കുന്നു. കൂലിയല്ല, പ്രതിഫലമല്ല എന്റെ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# ആരാണ് ഈ മൽക്കീസേദെക്...?

മൽക്കീസേദെക് എന്ന പഴയനിയമ കഥാപാത്രത്തെ വളരെ നിസ്തുല്യമായ രീതിയിലാണ് എബ്രായലേഖന കർത്താവ് പരാമർശിക്കുന്നത്. ദൈവത്തിനല്ലാതെ ആർക്കും അവകാശപ്പെടാൻ പറ്റാത്ത വിശേഷണങ്ങൾ ഈ മഹാപുരോഹിതനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നതായി നമുക്ക് കാണാം. മൽക്കീസേദെക്കിനെ നാം കാണുന്നത് യുദ്ധം ജയിച്ചു വരുന്ന അബ്രഹാമിനെ എതിരേറ്റ് ചെല്ലുന്നതാണ്. അബ്രഹാം അദ്ദേഹത്തിന് ദശാംശം കൊടുക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നതായി അവിടെ കാണുന്നു.

മൽക്കീസേദെക് എന്ന പേര് തന്നെ അന്യാദൃശ്യമാണ്. ആ പേരിന്റെ ആദ്യഭാഗത്തിന് 'നീതിയുടെ രാജാവെന്നും' രണ്ടാമത്തെ ഭാഗത്തിന് 'സമാധാനത്തിന്റെ രാജാവെന്നും' ആണ് അർത്ഥം. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമുക്കറിയാം നീതിയുടെ രാജാവായി വേദപുസ്തകം ഉയർത്തി കാണിക്കുന്നത് എപ്പോഴും യേശുക്രിസ്തുവിനെയാണ്. അതുപോലെതന്നെ ദൈവവുമായി നമുക്ക് സമാധാനം ഉണ്ടാക്കിയ സമാധാനത്തിന്റെ രാജാവും യേശുക്രിസ്തു തന്നെയാണ്.

അപ്പോൾ യേശുക്രിസ്തുവിനുചിതമായ വിശേഷണങ്ങളാണ് ഇദ്ദേഹത്തിനും നൽകപ്പെടുന്നത്. നീതിയുടെ രാജാവായോ സമാധാനത്തിന്റെ രാജാവായോ വേറെ ആരെയും സങ്കൽപ്പിക്കാൻ നമുക്ക് സാധിക്കുകയില്ല. എന്നാൽ യേശുക്രിസ്തു തന്നെയാണോ ഈ മൽക്കീസേദെക്? യേശുക്രിസ്തുവിന് തുല്യനാണ് എന്ന് ഈ ലേഖനത്തിൽ പറയുന്നു. അതായത് ആരംഭമോ അവസാനമോ ഇല്ലാത്തയാൾ! ഒരു ജീവശാസ്ത്ര പ്രക്രിയയിലൂടെ ജനനം എടുക്കാത്ത ഒരാൾ! എവിടെ നിന്ന് വന്നു എന്നോ, ഏതു വംശാവലിയിൽ പെട്ടവൻ എന്നോ നമുക്ക് കണ്ടെത്താൻ പറ്റാത്ത ആൾ! അപ്പോൾ ഏതൊരു സൃഷ്ടിയിൽ നിന്നും മൽക്കീസേദെക് വേർപെട്ടിരിക്കുന്നു.

ദൈവത്തിനു മാത്രം നൽകപ്പെടുന്ന വിശേഷണമാണ് അനാദിനിത്യൻ എന്നുള്ളത്. അതായത് ആരംഭമോ അവസാനമോ ഇല്ലാത്ത നിത്യമായ അവസ്ഥ. ഇത് ഒരിക്കലും ഒരു സൃഷ്ടിക്ക് അവകാശപ്പെടാൻ സാധ്യമല്ല. ഒരു സൃഷ്ടിയെയും അങ്ങനെ വിശേഷിപ്പിക്കുവാനും സാധിക്കുകയില്ല. അതുകൊണ്ട് ആരാണ് മൽക്കീസേദെക് എന്നത് വളരെ വിശേഷതകൾ ഉള്ള ഒരു ചോദ്യ

മാണ്. ദൈവമല്ലാതെ ആരും നിത്യനല്ലാത്ത തുകൊണ്ടും ഇവിടെ മനുഷ്യപുത്രന് തുല്യൻ എന്ന പ്രത്യേകമായി വിശേഷിപ്പിച്ചിരിക്കുന്നതു കൊണ്ടും ഒരു സൃഷ്ടിയായി ഇദ്ദേഹത്തെ കാണുവാൻ സാധിക്കുകയില്ല.

ഏറ്റവും ഉചിതമായ ചിന്ത മൽക്കീസേദെക് യേശുക്രിസ്തു തന്നെ എന്നാണ്. പക്ഷേ അങ്ങനെ വ്യക്തമായി എഴുതിയിട്ടില്ലാത്തത് നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. എബ്രായർ 5:11ൽ മൽക്കീസേദെക്കിനേ കുറിച്ച് പറഞ്ഞ ശേഷം ഇനിയും വളരെ പറയുവാൻ ഉണ്ടെന്നും എന്നാൽ കേൾക്കുന്നവർക്ക് മന്ദത ഉള്ളതിനാൽ അത് വിവരിക്കുവാൻ പ്രയാസമാണ് എന്നും ലേഖനകർത്താവ് പറയുന്നത് നാം വായിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് ആര് എന്ന് വ്യക്തമായി പറയാതെ സൂചനകളിലൂടെ സംസാരിക്കുവാനാണ് അപ്പോസ്തലൻ പരിശ്രമിക്കുന്നത്. യേശുക്രിസ്തു എന്നു വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും കർത്താവ് പല സമയത്തും പഴയനിയമ കാലഘട്ടത്തിൽ വിശുദ്ധന്മാരോട് ഇടപെട്ടിട്ടുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അബ്രഹാം ഉൾപ്പെടെയുള്ള പഴയനിയമ വിശുദ്ധന്മാർ ക്രിസ്തുവിൻെറ ദിനം കണ്ടിരുന്നുവെന്നും ക്രിസ്തുവിനെ നോക്കി പാർത്തിരുന്നു എന്നും വിശ്വസിച്ചിരുന്നു എന്നും വേദപുസ്തകം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു.

ഈ വാക്യത്തെ കുറിച്ചുള്ള ചില വ്യാഖ്യാനങ്ങളിൽ കാണുന്നത് ഇദ്ദേഹം പരിശുദ്ധാത്മാവിന്റെ ഒരു വെളിപ്പെടുത്തൽ ആയിരിക്കാം എന്നാണ്. എന്നാൽ അങ്ങനെ ഒരു സൂചന നമുക്ക് ഒരിടത്തും കാണുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഉറപ്പിച്ചു പറയുവാൻ സാധിക്കുകയില്ല എങ്കിലും യേശുകർത്താവ് പഴയനിയമങ്ങളിൽ പല സ്ഥലത്ത് വിശുദ്ധന്മാർക്ക് പ്രത്യക്ഷപ്പെട്ടതുപോലെ ഒരു പ്രത്യക്ഷതയായി നമുക്ക് വേണമെങ്കിൽ ചിന്തിക്കാവുന്നതേയുള്ളൂ. തന്നെയുമല്ല, പുരോഹിതൻ എന്ന വാക്ക് പരിശുദ്ധാത്മാവിനെ അല്ല, യാഗമർപ്പിച്ച യേശുക്രിസ്തുവിനെ തന്നെയാണ് സൂചിപ്പിക്കുവാൻ സാധ്യത. യേശുക്രിസ്തുവിനു തുല്യൻ എന്ന് പറയുമ്പോൾ, ക്രിസ്തു തന്നെ എന്ന് പറയാതെ പറയുകയാകാം അപ്പോസ്തലൻ ചെയ്യുന്നത്. ഇവിടെ നാം മനസ്സിലാക്കേണ്ടുന്ന പ്രധാന വിഷയം മനുഷ്യജന്മമെടുത്ത യേശുവിനു വംശാവലി ഉണ്ട് എങ്കിലും സ്വയസ്ഥിതനും അനാദിനിത്യനുമായ ക്രിസ്തുവിനു അഥവാ മശിഹായ്ക്കു വംശാവലി ഇല്ല എന്നുള്ളതാണ്. യേശുക്രിസ്തു എന്ന് തീർത്തും പറയാത്തതു കൊണ്ട് മൽക്കീസേദെക്കാണ് ക്രിസ്തു എന്നു സ്ഥാപിക്കുന്നത് ശരിയല്ല. എങ്കിലും ഈ വ്യാഖ്യാനങ്ങൾ നയിക്കുന്നത് യേശുക്രിസ്തുവിലേക്ക് തന്നെയാണ് എന്ന സാധ്യത തള്ളിക്കളയാനും ആകില്ല.

ഇവിടെ മൽക്കീസേദെക്കിനെയും യേശുക്രിസ്തുവിനെയും താരതമ്യപ്പെടുത്തുന്നതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം പൗരോഹിത്യങ്ങളുടെ വ്യതിരിക്തത വ്യക്തമാക്കുക എന്നുള്ളതാണ്. നിലനിൽക്കുന്ന പൗരോഹിത്യം ആണ് മൽക്കീസദേക്കിൻെത്. അതിന് ആദ്യവും അവസാനവും ഇല്ല. അതുപോലെ യേശുക്രിസ്തുവിന്റെ പൗരോഹിത്യവും ആദ്യാവസാനമില്ലാതെ എന്നേക്കും ഉള്ള പൗരോഹിത്യമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പൗരോഹിത്യത്തിന്റെ മഹത്വം നാം മനസ്സിലാക്കുന്നത് ഗോത്രപിതാവായ അബ്രഹാം തന്നെ, മൽക്കീസേദെക്കിന് ദശാംശം കൊടുത്തു എന്നും ആ ഔന്നത്യം അംഗീകരിച്ചു എന്നുമുള്ള വസ്തുതയിലൂടെ ആണ്. ലേവ്യാപൗരോഹിത്യം എങ്ങനെ ഇതിനു കീഴടങ്ങിയിരിക്കുന്നു എന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ലേവി ഉത്ഭവിച്ചത് അബ്രഹാമിൽ നിന്നാണല്ലോ.

നാം മുമ്പ് തന്നെ മനസ്സിലാക്കിയിരിക്കുന്നത് പോലെ എബ്രായലേഖനം എഴുതിയതിന്റെ ഒരു പ്രധാന ഉദ്ദേശ്യം തന്നെ ഈ രണ്ടു പൗരോഹിത്യങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമായി കാണിച്ചുതരിക എന്നതാണ്. അതുകൊണ്ട് എങ്ങനെ ലേവ്യപൗരോഹിത്യം യേശുക്രിസ്തുവിന്റെ നിത്യമായ പൗരോഹിത്യത്താൽ അപ്രസക്തമാക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാം. പഴയനിയമത്തിലെ പൗരോഹിത്യവും യാഗവും എല്ലാം ദൈവപുത്രന്റെ തന്നെ പൗരോഹിത്യം വെളിപ്പെടുന്നത് വരെയുള്ള നിഴലുകൾ മാത്രമായിരുന്നു. 'ഉയർന്നവൻ താണവനെ അനുഗ്രഹിക്കുന്നു'. അങ്ങനെ തന്നെയാണ് ആത്മികമായി ഈ കാര്യങ്ങളെ വേദപുസ്തകം പഠിപ്പിക്കുന്നത്. അതുകൊണ്ട് യേശുക്രിസ്തുവിന്റെ പൗരോഹിത്യം വെളിപ്പെട്ട ശേഷവും നീങ്ങിപ്പോയ പഴയ പൗരോഹിത്യത്തെ പിന്തുടരുന്നത് ബുദ്ധിഹീനമായ കാര്യമായി മാറുന്നു.

പഴയനിയമത്തിന്റെ പ്രമാണങ്ങളും പൗരോഹിത്യപരമായ ആചാരങ്ങളും വിട്ട്, പുതിയ

ശേഷം പേജ് 27 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# ആകുലമകറ്റി മുന്നേറാം...

**ലോ**കമെമ്പാടുമുള്ള ജനകോടികളെ ആകർഷിച്ചിട്ടുള്ള ഉപദേശങ്ങളാണ് യേശുക്രിസ്തുവിന്റേത്. ക്രിസ്തീയ ജീവിതത്തെ ധന്യമാക്കുന്നതും പരാജയത്തെ വിജയമാക്കുന്നതും ക്രിസ്തുവിന്റെ ഉപദേശങ്ങൾ തന്നെ. എത്രയോ മഹത് വ്യക്തികൾ ക്രിസ്തുവിന്റെ ഉപദേശങ്ങൾ വായിച്ച് ആവേശഭരിതരായിട്ടുണ്ട്. 'കണ്ണുനീരിന്റെ താഴ്വരയിലൂടെ ഞാൻ നടന്നപ്പോൾ എനിക്കു സന്തോഷം പകർന്നുതന്നത് യേശുവിന്റെ വചനങ്ങളാണെന്ന്' പ്രസിദ്ധ സുവിശേഷകനായിരുന്ന മൂത്താമ്പാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി രേഖപ്പെടുത്തിയിട്ടുണ്ട്.

1920 ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും മടങ്ങിയെത്തിയ ഗാന്ധിജി, ന്യൂഡൽഹി സെന്റ് സ്റ്റീഫൻസ് കോളജ് സന്ദർശിച്ചപ്പോൾ ഡോ. സ്റ്റാൻലി ജോൺസ് അദ്ദേഹത്തെ 'ഗിരിപ്രഭാഷണം' വായിച്ചു കേൾപ്പിച്ചു. ക്രിസ്തുഭക്തനായിരുന്ന പ്രൊഫസർ സുശീൽ രുദ്രയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. മത്തായിയുടെ സുവിശേഷം അഞ്ച്, ആറ്, ഏഴ് അദ്ധ്യായങ്ങൾ വായിച്ചുകേട്ടപ്പോൾ നിറകണ്ണുകളോടെ ഗാന്ധിജി പറഞ്ഞു: 'ഹാ, എത്ര മനോഹരം, എത്ര മനോഹരം.' ക്രിസ്തുവിന്റെ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ ഭൗതിക ജീവിതത്തെ സാരമായി സ്വാധീനിച്ചിരുന്നതായി പിൽക്കാല ജീവിതാനുഭവങ്ങൾ തെളിയിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ ഉപദേശങ്ങൾ പ്രായോഗികമോ എന്നു സംശയിക്കുന്ന പലരുമുണ്ട്. പീഡനങ്ങളെ പുഞ്ചിരിയോടെ നേരിട്ടുകൊണ്ട് നിരാശയെ നിത്യസന്തോഷമാക്കിയ ക്രിസ്തുഭക്തന്മാർ ചരിത്രത്തിൽ ഒട്ടനവധിയാണ്. മുക്കുവരുൾപ്പെടെ 12 അപ്പോസ്തലന്മാരിൽക്കൂടി ക്രൈസ്തവസഭയെ ഇത്രത്തോളം വളർത്തുവാൻ ഇടയാക്കിയത് ക്രിസ്തു നൽകിയ പഠിപ്പിക്കലുകളും സന്തോഷവും സമാധാനവും ശക്തിയും മാത്രമായിരുന്നു. അഹിംസയിലും അക്രമരാഹിത്യത്തിലും വിശ്വസിച്ച് സത്യഗ്രഹമെന്ന ഖഡ്ഗമുപയോഗിച്ച് സ്വാതന്ത്ര്യ സമരത്തിനു നേതൃത്വം കൊടുക്കുവാനും വിജയിക്കുവാനും ഗാന്ധിജിയെ പ്രചോദിപ്പിച്ചത് ക്രിസ്തു സ്വന്തം ജീവിതത്തിലൂടെ പ്രാവർത്തികമാക്കിക്കാണിച്ച ശ്രേഷ്ഠ ഉപദേശങ്ങളായിരുന്നു.

മറ്റുള്ളവരുടെ കാര്യത്തിൽ തല്പരരാവാതെ 'സ്വയ കേന്ദ്രീകൃതരായവരിൽ' (Self-centered) ലക്ഷത്തിൽ ഒരാൾപോലും ജീവിതത്തിൽ വിജയിക്കാറില്ലെന്നാണ് മന:ശാസ്ത്രജ്ഞർ പറയുന്നത്. മനുഷ്യർ ആരോഗ്യമുള്ളവരായിരിക്കണമെങ്കിൽ ചുറ്റുപാടുകളിൽ കരുതലുള്ളവരായിരിക്കണം. ആദിമ ക്രൈസ്തവസമൂഹം അവർക്കുള്ളവയെല്ലാം പൊതുവകയെന്ന് എണ്ണി. അവരുടെ വസ്തുവകകൾ

അന്യോന്യം പങ്കുവച്ചു. ഇങ്ങനെ പങ്കിട്ടതുകൊണ്ട് അവർക്കെല്ലാവർക്കും സമൃദ്ധിയായിരുന്നു (അപ്പോസ്തല പ്രവൃത്തി 2: 45 - 47).

അമേരിക്കൻ നീഗ്രോകളുടെ നേതാവായിരുന്ന ഡോ. മാർട്ടിൻ ലൂഥർ കിംഗിന് അക്രമരാഹിത്യത്തെക്കുറിച്ചുള്ള ആദ്യപാഠങ്ങൾ ലഭിച്ചത് ക്രിസ്തുവിൽ നിന്നാണ്. ഈ ഉപദേശത്തിന്റെ ശക്തി അമേരിക്കൻ നീഗ്രോകളുടെ സ്വാതന്ത്ര്യത്തിനായി ഉപയോഗിക്കുമെന്ന് അദ്ദേഹം തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താൻ പിന്തുടരാൻ ഉദ്ദേശിക്കുന്ന സഹനസമരത്തിന്റെ പ്രയോഗികരീതി അദ്ദേഹം എഴുതിയുണ്ടാക്കി. അത് ഇങ്ങനെയാണ് : 'എനിക്കു നിങ്ങളോട് വൈരാഗ്യമില്ല. പക്ഷെ നിങ്ങൾ ആവശ്യപ്പെടുന്നതു തെറ്റാണെന്ന് എനിക്കു ബോദ്ധ്യമായാൽ ഞാനത് അനുസരിക്കുകയില്ല. നിങ്ങൾ എന്റെ മേൽ ദണ്ഡനം ഏൽപ്പിച്ചാൽ ഞാനതു ക്ഷമയോടെ സഹിക്കും. നന്മയും സൗമ്യതയും കൊണ്ട് ഞാൻ നിങ്ങളെ കീഴ്പ്പെടുത്തും.' മാർട്ടിൻ ലൂഥർ കിംഗ് അമേരിക്കൻ നീഗ്രോകളുടെ അനിഷേധ്യ നേതാവാണെന്നു മാത്രമല്ല, അമേരിക്കയുടെ വലിയ ക്രൈസ്തവ ചിന്തകനുമാണ്. ബർമിംഗ്ഹാം ജയിലിൽനിന്നും അദ്ദേഹം അമേരിക്കയിലെ വൈദികർക്ക് അയച്ച സുപ്രസിദ്ധമായ ഇടയലേഖനത്തിന്റെ തലക്കെട്ടു തന്നെ 'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും' എന്നായിരുന്നു.


പ്രഗത്ഭ ഡോക്ടറായിരുന്ന മില്ലിഗനോട് ഒരു സുഹൃത്ത് ചോദിച്ചു: 'വികല ചിന്ത വന്നാൽ എന്തു ചെയ്യണം?' അദ്ദേഹം പറഞ്ഞു: 'വീടിന്റെ മുൻവശത്തെ കതകു തുറന്ന് മുമ്പിലുള്ള റെയിൽ പാളം കടന്ന് പാവങ്ങൾ വസിക്കുന്ന ചേരി പ്രദേശത്തേക്കു ചെല്ലുക. അവിടെ നിങ്ങളുടെ സഹായം ആവശ്യമുള്ള ആരെയെങ്കിലും നിങ്ങൾ കാണും. അവർക്കുവേണ്ടതു എന്തെങ്കിലും ചെയ്യുക.' മാനസിക രോഗികളെപ്പറ്റി, 'തങ്ങൾ അല്ലാതായിത്തീർന്നവർ' എന്നു പറയാറുണ്ട്. മാനസിക രോഗികളും അവരർഹിക്കുന്ന കരുതലും പരിപാലനവും ലഭിക്കേണ്ടവരാണ്.

ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും കാണിച്ചുകൊടുക്കുവാൻ ക്രിസ്തു പഠിപ്പിക്കുക മാത്രമല്ല, ജീവിതത്തിൽ കാണിച്ചും കൊടുത്തു (മത്തായി 5:39). ഒരിക്കൽ ഒരു ഹൈന്ദവ സ്നേഹിതൻ ഒരു ക്രിസ്തുഭക്തനോടു ചോദിച്ചു: 'ന്യായാധിപസംഘത്തിൻ മുമ്പാകെ യേശുവിനെ അടിച്ചപ്പോൾ അദ്ദേഹം എന്താണ് തിരിച്ചടിക്കാഞ്ഞത്? തിരിച്ചടിക്കുന്നതിനു നിയമപ്രകാരം യേശുവിന് അവകാശമുണ്ടായിരുന്നല്ലോ?' അതിനു ക്രിസ്തുഭക്തൻ പറഞ്ഞ മറുപടി ഇങ്ങനെ: 'നിയമപ്രകാരം തിരിച്ചടിക്കുവാൻ യേശുവിന് അവകാശമുണ്ടായിരുന്നു. പക്ഷെ അവൻ തിരിച്ചടിച്ചില്ല. തിരിച്ചടിച്ചിരുന്നെങ്കിൽ ഇന്നു ഞാൻ അവനെക്കുറിച്ച് പ്രസംഗിക്കുമായിരുന്നില്ല. അവൻ എന്നെപ്പോലൊരുവൻ എന്നു ഞാൻ പറയുമായിരുന്നു. അവൻ തിരിച്ചടിക്കാതെ തന്റെ മറുകരണം കൂടി കാട്ടിക്കൊടുത്തു. ആ അടി പതിച്ചത് എന്റെയും നിങ്ങളുടെയും മന:സാക്ഷിയിന്മേലാണ്.'

ക്രൈസ്തവികത വെറും ആദർശം മാത്രമാണെന്നു ആരോപിക്കപ്പെടാറുണ്ട്. ബുദ്ധികൊണ്ടും യുക്തി കൊണ്ടും മനസ്സിലാക്കാവുന്ന ഒന്നല്ല ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ. ലോകം ചിന്തിക്കുന്നതിന്റെ നേർ വിപരീത ദിശയിലാണ് ക്രൈസ്തവികത പ്രായോഗികമാക്കേണ്ടത്.ക്രിസ്തുവിന്റെ ജീവിതം അത് വ്യക്തമാക്കുന്നു. ക്രിസ്തുവിനെക്കുറിച്ചും അവന്റെ യഥാർത്ഥ അനുയായികളെക്കുറിച്ചും വിലയിരുത്തുമ്പോൾ ലോകത്തിന്റെ വിലയിരുത്തലുകൾ ചിന്താഗതികൾ വെറും അസംബന്ധങ്ങളാണെന്നു വ്യക്തമാകും. ക്രൂശീകരണ സമയത്ത് 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ' എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയെക്കുറിച്ച് ഒരു ഹൈന്ദവ സന്യാസി അഭിപ്രായപ്പെട്ടിരിക്കുന്നത് 'മനുഷ്യന്റെ ധാർമിക നിലവാരത്തിന്റെ അത്യുച്ചകോടി മാത്രമല്ല, പ്രത്യുത, ഒരു മനുഷ്യന് ഊഹിക്കാവുന്നതിൽ വച്ചേറ്റവും ഉന്നതമായ ധാർമിക നിലവാരമാണ് ആ പ്രാർത്ഥന'എന്നായിരുന്നു.

നാളത്തെ കാര്യങ്ങൾ എങ്ങനെ നടക്കുമെന്നു ചിന്തിക്കാത്ത ആളുകൾ വിരളമാണ്. പലരും ചിന്തിച്ചു ചിന്തിച്ചു ജീവിതം തന്നെ ദുഷ്ക്കരമാക്കുന്നു. ഒഴിച്ചുകൂടാൻ പാടില്ലാത്തവയെന്നു കരുതപ്പെടുന്ന ആവശ്യങ്ങൾ നിവർത്തിക്കാൻ വകയില്ലാതെ വരുമ്പോൾ അതേപ്പറ്റി അവർ ചിന്താകുലരാകുന്നു. അങ്ങനെ ചിന്ത വിതച്ച് പ്രവൃത്തി കൊയ്യുന്നു. പ്രവൃത്തി വിതച്ച് ശീലം കൊയ്യുന്നു. ഒടുവിൽ ശീലം വിതച്ച് സ്വഭാവം കൊയ്യുന്നു. ദോഷചിന്തകൾ മനസിൽ വരുന്നത് അതിൽത്തന്നെ പാപമല്ല. എന്നാൽ അതു വച്ചു പുലർത്തി പോഷിപ്പിക്കുന്നതാണു പാപം. 'നിങ്ങളുടെ

ശേഷം പേജ് 27 ▶



ഫ്രാൻസിസ് ഫ്രാങ്കിപെൻ

# മുറിക്കുകയും മുറിവ് കെട്ടുകയും ചെയ്യുന്ന ദൈവം

***പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകയ്ക്കുകയും ചെയ്യും, കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും (മത്തായി 24:10 - 12).***

**ക്രി**സ്തുവിന്റെ മനസ്സുള്ളവരാവുക എന്നത് ചെറിയ ഒരു കാര്യമല്ല. അവസാന നാളുകളിൽ അനേകർ അസ്വസ്ഥരാകുമെന്ന് അതായതു സ്നേഹം തണുത്തു പോകുന്നതിനാൽ പലരും ഇടറുകയും അന്യോന്യം ഒറ്റിക്കൊടുക്കുകയും വെറുക്കുകയും ചെയ്യും എന്ന് യേശു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ അനുഭവപ്പെട്ടാൽ ക്രിസ്തുവിന്റെ മനസ്സുള്ളവരായി സഹിക്കുക്കയും ക്ഷമിക്കുകയും ചെയ്യണം. ചെയ്തില്ല എങ്കിൽ നമ്മുടെ മനസ്സിലേൽക്കുന്ന മുറിവുകൾ, അറിയാതെതന്നെ പ്രതികാരത്തിന്റെയും വിദ്വേഷത്തിന്റെയും കൈപ്പിന്റെയും വ്രണങ്ങളായി പരിണമിക്കും. അനേകരെ സത്യവിശ്വാസത്തിൽ നിന്ന് വിശ്വാസത്യാഗത്തിലേയ്ക്ക് നയിക്കുന്ന ആത്യന്തിക കാരണം ആത്മാവിൽ വ്രണങ്ങളായി പരിണമിച്ച ഇത്തരം മുറിവുകളായിരിക്കും. മേലുദ്ധരിച്ച വാക്യത്തിൽ, വിശ്വാസത്യാഗത്തിന്റെ യഥാർത്ഥ കാരണം തെറ്റായ ഉപദേശങ്ങൾ മാത്രമല്ല, തെറ്റായ മനോഭാവങ്ങളും ആണെന്നാണ് യേശു വെളിപ്പെടുത്തിയത്.

ശരിയായ ഉപദേശങ്ങൾ പ്രധാനമല്ലേ? തീർച്ചയായും പ്രധാനം തന്നെ. സദൃശവാക്യങ്ങൾ ഇങ്ങനെ മുന്നറിയിപ്പ് നൽകുന്നു, 'ദ്രോഹിക്കപ്പെട്ട സഹോദരൻ ഉറപ്പുള്ള പട്ടണത്തെക്കാൾ ദുർജ്ജയനാകുന്നു; അങ്ങനെയുള്ള പിണക്കം അരമനയുടെ ഓടാമ്പൽപോലെ തന്നേ. മറ്റൊരു പരിഭാഷയിൽ, 'ഹൃദയത്തിൽ മുറിവേറ്റ സഹോദരങ്ങളെ അനുരഞ്ജിപ്പിക്കുന്നത് കെട്ടുറപ്പുള്ള കോട്ട കടക്കുന്നതിനേക്കാൾ ദുഷ്ക്കരം; തർക്കങ്ങൾ കോട്ടവാതിലിന്റെ ഇരുമ്പഴികൾ പോലെയും' എന്ന് കാണുന്നു (സദൃശം 18:19). അതെ, വ്യാജ ഉപദേശങ്ങളെ തീർച്ചയായും സൂക്ഷിക്കുക. എന്നാൽ കള്ളപ്രവാചകന്മാരെക്കാളും ദുരുപദേഷ്ടാക്കാന്മാരെക്കാളും വഞ്ചകരാണ് മുറിവേറ്റ ഹൃദയത്തോടെ ജീവിക്കുന്നവർ. നാം മുറിവേറ്റ ഹൃദയത്തോടെയാണോ ജീവിക്കുന്നത്? അങ്ങനെയെങ്കിൽ,

യഥാർത്ഥ ദൈവസ്നേഹത്തിൽ നിന്ന് നാം ക്രമേണ വഴുതിപ്പോകുകയാണ് ചെയ്യുന്നത്. സ്ഥിരതയോടു കൂടിയ ആത്മീയ പക്വതയുള്ള ജീവിതം നിലനിറുത്തുന്നതും വ്രണിത ഹൃദയത്തോടെ ജീവിക്കുന്നതും പരസ്പരം വിരുദ്ധമായിരിക്കുന്നു. ഇക്കാരണത്താൽ, നമ്മെ വ്രണപ്പെടുത്തുന്ന കാര്യങ്ങളിലേക്ക് നാം നോക്കേണ്ടതുണ്ട്. എന്തൊക്കെയാണ് നമ്മുടെ ആത്മാവിനെ മുറിപ്പെടുത്തുന്ന കാര്യങ്ങൾ?

ചിലപ്പോഴൊക്കെ നാം മറ്റുള്ളവരിൽ നിന്നു പ്രതീക്ഷ ിക്കുന്ന കാര്യങ്ങൾ നടക്കാതെ വരുമ്പോൾ അത് ആത്മാവിനെ വ്രണപ്പെടുത്താനിടയാക്കും. ചിലർ, തങ്ങളുടെ ജീവിതപങ്കാളിയോ പാസ്റ്ററോ സുഹൃത്തുക്കളോ തങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു. അവർ നമ്മുടെ ചില ആവശ്യങ്ങൾ നിറവേറ്റും. എന്നിരുന്നാലും, നമ്മുടെ ആത്മാവിനെ സൃഷ്ടിച്ചത് ദൈവമാണ്. അതിനാൽ ദൈവത്തിൽ സുരക്ഷിതത്വം കണ്ടെത്താനാണ് നാം എപ്പോഴും ശ്രദ്ധിക്കേണ്ടത്. സർവ്വശക്തൻ യഥാർത്ഥത്തിൽ നമ്മുടെ സമാധാനത്തിന്റെയും കരുതലിന്റെയും ഉറവിടമായി മാറുമ്പോൾ, ദൈവസ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ ബോധ്യം കൂടുതലുറപ്പുള്ളതാകുന്നു. ദൈവത്തിൽ വിശ്വാസം അർപ്പിക്കുമ്പോൾ, നമുക്ക് ചുറ്റുമുള്ള ആളുകളുമായി കൂടുതൽ സമാധാനമായി ജീവിക്കാൻ കഴിയും.

നമ്മുടെ പ്രതീക്ഷകളുടെ തകർച്ചയ്ക്ക് വ്യക്തിബന്ധത്തിന്റെ മാധുര്യം ഇല്ലാതാക്കാൻ കഴിയും. നമ്മുടെ പ്രതീക്ഷകൾക്കൊത്തു മറ്റുള്ളവർ പ്രവർത്തിക്കാതിരിക്കുമ്പോൾ പഴിക്കുന്നതിനു പകരം അവരെ അഭിനന്ദിക്കാൻ ശ്രമിക്കുക. കുടുംബാംഗങ്ങളും സുഹൃത്തുക്കളും നാം പ്രതീക്ഷിക്കുന്നത് നൽകുന്നതിൽ പരാജയപ്പെട്ടാൽ നിരാശപ്പെടുന്നതിനു പകരം അവർ ചെയത നല്ല കാര്യങ്ങൾ നന്ദിയോടെ സ്മരിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ മുറിവുണങ്ങുന്നതിനു സഹായകമായേനേ.

ഉദാഹരണമായി ഒരു ഭർത്താവ്, ഭാര്യയിൽ നിന്ന് സ്വാദിഷ്ഠമായ ഭക്ഷണം പ്രതീക്ഷിക്കുന്നതിനുപകരം, അവൾ തനിക്ക് നൽകുന്നതെന്തും സ്വീകരിക്കുവാൻ കഴിഞ്ഞുവെന്നു കരുതുക? അപ്പോൾ അവന്റെ ഭാര്യയിൽ അവനുള്ള പ്രതീക്ഷ തകരുന്നതിനു പകരം, തന്റെ ഭാര്യ തയ്യാറാക്കിയ ഭക്ഷണത്തോട് മതിപ്പ് ഉണ്ടാകും. പരസ്പര സമ്മതത്തോടെ എല്ലാക്കാര്യങ്ങൾക്കും ക്രമീകരണങ്ങളുണ്ടെന്ന് നമുക്കറിയാം. വാസ്തവത്തിൽ, പ്രത്യേക ഭക്ഷണം പാകം ചെയ്യാനോ വീട്ടുജോലി ചെയ്യാനോ ഒരു ഭാര്യക്ക് ബാധ്യതയുണ്ടെന്നും നിങ്ങൾക്ക് ശഠിക്കുവാനാകില്ല. കാരണം നിങ്ങളുടെ വീട്ടുജോലിക്കാരിയാകാനല്ല, മറിച്ച് അവളുമായി ഒന്നാകാൻ അത്രേ നിങ്ങൾ അവളെ വിവാഹം കഴിച്ചത്.

അല്ലെങ്കിൽ മടുപ്പുളവാക്കുന്ന ജോലി ദീർഘനേരം ചെയ്യുന്ന ഒരു ഭർത്താവിനെ സങ്കൽപ്പിക്കുക. തന്റെ ഭർത്താവു തന്റെയൊപ്പം വീട്ടിൽ ചില മണിക്കൂർ ചിലവഴിക്കുമെന്നോ അവളോടൊപ്പം ഷോപ്പിംഗിന് പോകുമെന്നോ അവളുടെ പ്രശ്നങ്ങൾ ശ്രദ്ധയോടെ കേൾക്കുമെന്നോ ഭാര്യ പ്രതീക്ഷിക്കുന്നു. തന്റെ ഭർത്താവിനെക്കുറിച്ചുള്ള പ്രതീക്ഷകൾ ഭാര്യക്ക് അനുഭവമാകാതെ വരുമ്പോൾ അല്ലേ അവളുടെ ഹൃദയം മുറിപ്പെടുന്നത്. ആ സാഹചര്യത്തിലും അവൾ ജോലി കഴിഞ്ഞു വരുന്ന ഭർത്താവിനെ സന്തോഷത്തോടെ സ്വീകരിക്കുകയും അവരുടെ കുടുംബത്തെ പോറ്റാൻ ഇങ്ങനെയുള്ള ഒരു മനുഷ്യനെ ദൈവം തന്നതിന് ആത്മാർത്ഥമായി നന്ദി പറയുകയും ചെയ്താലോ? പരാതിയോടെയല്ല, അഭിനന്ദനത്തോടെ അവൾ അവനെ കണ്ടെങ്കിലോ? അവൾ അവന്റെ തോളിൽ തലോടുകയും സ്നേഹാധികൃത്താൽ അവനു പ്രിയപ്പെട്ട ഭക്ഷണം തയ്യാറാക്കുകയും ചെയ്താലോ? കാര്യങ്ങൾ മാറിമറിയും.

പ്രതീക്ഷകൾ, ഭാര്യാഭർത്തൃ ബന്ധത്തിന്റെയോ പാസ്റ്റർ-വിശ്വാസി ബന്ധത്തിന്റെയോ ഉത്തരവാദിത്തങ്ങൾ പോലെ തോന്നാം. എന്നാൽ പ്രതീക്ഷകൾ നിറവേറാതെ വരുമ്പോൾ ബന്ധപ്പെട്ടവരെ നിരാശരാക്കാനും അസ്വസ്ഥരാക്കാനും ഇടയാക്കും. എനിക്ക് പ്രിയപ്പെട്ട ഒരാൾ നടത്തുന്ന ശ്രമങ്ങൾ എന്റെ പ്രതീക്ഷകൾക്കു ഒത്തവണ്ണം അല്ലാതെ പോയപ്പോൾ നിരാശപ്പെട്ട സാഹചര്യങ്ങൾ എനിക്കറിയാം. മറ്റു ചില മേഖലയിൽ അവർ എന്നെ തൃപ്തിപ്പെടുത്താൻ ശ്രമിച്ചു, എങ്കിലും ഞാൻ തൃപ്തനായിരുന്നില്ല. സ്ഥിതിഗതികൾ മെച്ചപ്പെടുവാൻ ഞാൻ അവർക്കു കൃതജ്ഞതയും പ്രോത്സാഹനവും നൽകണമായിരുന്നു, പക്ഷെ നൽകിയില്ല.

തത്ഫലമായി, ഇന്ന് ഞാൻ എന്റെ അടുത്തുള്ളവരുമായി എന്റെ പ്രശ്നങ്ങളും പ്രതീക്ഷകളും ചർച്ചചെയ്യുന്നു. എന്നാൽ എന്റെ പ്രതീക്ഷയുടെ ഭാരം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാറില്ല.

മറിച്ച് ക്രിസ്തുവിനെപ്പോലെ എനിക്ക് ചുറ്റുമുള്ള വരോട് തുറന്നിടപെടുന്നതിലാണ് ശ്രദ്ധിക്കുന്നത്. മറ്റുള്ളവരുടെ അതുല്യത ആസ്വദിക്കുന്നതിന് ഞാൻ തീരുമാനമെടുത്തു. എന്റെ ജീവിതത്തിൽ അവർ നൽകിയ സംഭാവനകൾക്ക് ആത്മാർത്ഥ മായി ദൈവത്തിന് നന്ദി പറയുന്നു. ദൈവവും നമ്മെ വ്രണപ്പെടുത്തുന്നു എന്ന് നമുക്ക് തോന്നുമ്പോൾ അതായതു ദൈവഹിതമല്ലാത്ത തെറ്റായ പ്രാർത്ഥനകൾ നിറവേറാതെ വരുമ്പോൾ ആഴത്തിലുള്ള മുറിവുകളുടെ ഉറവിടമായി ന മ്മുടെ ഹൃദയം മാറിയേക്കാം. എന്നിരുന്നാലും നമ്മുടെ നന്മക്കായിട്ടാണ് ദൈവം അപ്രകാരം ചെയ്തത് എന്ന് തിരിച്ചറിയുമ്പോൾ, മുറിവ് വേഗ ത്തിൽ സൗഖ്യമാകും. ദൈവത്തോട് നമ്മുടെയു ള്ളിൽ സ്നേഹവും ആരാധനയും നിറയുകയും ചെയ്യും.

2 രാജാക്കന്മാർ 5 ൽ സിറിയക്കാരനും പട്ടാള ത്തിലെ ഉന്നത ഉദ്യോഗസ്ഥനുമായ നയമാൻ എ ലീശാപ്രവാചകനാൽ കുഷ്ഠരോഗം സുഖപ്പെടു വാൻ ശ്രമിച്ചതിന്റെ സംഭവം നാം വായിക്കുന്നു. നയമാനും പരിവാരങ്ങളും എലീശായുടെ വീ ട്ടിലെത്തിയപ്പോൾ, എലീശാ അവനെ വ്യക്തിപ രമായി അഭിവാദ്യം ചെയ്തില്ല, പകരം നയമാ നുവേണ്ടി പരിഹാരമാർഗ്ഗവുമായി തന്റെ ദാസ നെ അയച്ചു. സൈനിക നേതാവിന് ഇത് തന്നോടുള്ള അവഗണനയായി തോന്നി. ഒട്ടും തന്നെ ഇഷ്ട്ടപ്പെട്ടതുമില്ല. ജോർദാൻ നദിയിൽ ഏഴു തവണ മുങ്ങുക. രോഗശാന്തിക്കു എലീശാ നിർദ്ദേശിച്ച രീതികൾ നയമാനെ വ്രണപ്പെടുത്തി. എന്തുകൊണ്ട് പ്രവാചകൻ സ്വയം പുറത്തു വന്നില്ല? എന്തുകൊണ്ടാണ് ഈ കലക്കവെള്ളം ഒഴുകുന്ന ജോർദാൻ എന്നിങ്ങനെ വിചാരിച്ച് 'നയമാൻ കോപിച്ചു'.


കോപിച്ചതിനു കാരണം ആത്മാവ് വ്രണപ്പെട്ട താണ്. ഈ സാഹചര്യത്തിൽ, നയമാൻ ഒരു ഭ്രാ ന്തനെപ്പോലെ കോപിച്ചു. കാര്യങ്ങൾ നാം ആ ഗ്രഹിക്കുന്ന രീതിയിൽ എപ്പോഴെങ്കിലും നട ക്കാതെ വരുമ്പോൾ നിങ്ങൾ കോപത്താൽ ഒരു ഭ്രാന്തനെന്നപോലെ പ്രതികരിക്കുന്നു എന്ന് നി ങ്ങൾ തിരിച്ചറിയുന്നുണ്ടോ? അവർ നിങ്ങളെ വ്ര ണപ്പെടുത്തിയതിനാലും നിങ്ങൾ അവരോട് ക്ഷ മിക്കാത്തതിനാലുമാണ് അങ്ങനെ പെരുമാറുന്ന ത്. നയമാൻ എലീശയോട് ദേഷ്യപ്പെട്ടു, എന്നാൽ നയമാന്റെ കോപത്തിന്റെ യഥാർത്ഥ കാരണം എ ന്തായിരുന്നു? അവന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഇതാ, ഞാൻ വിചാരിച്ചു, അവൻ തീർച്ചയായും എന്റെ അടുക്കൽ വന്ന് നിന്നുകൊണ്ട് തന്റെ ദൈവമായ കർത്താവിന്റെ നാമം വിളിച്ചപേക്ഷി ക്കുകയും എന്റെ മേൽ കൈ വീശി കുഷ്ഠം സു ഖപ്പെടുത്തുകയും ചെയ്യും. 'ഇതാ, ഞാൻ വിചാ രിച്ചു ...' എന്ന വാചകം ശ്രദ്ധിക്കുക. സത്യത്തിൽ, നയമാനെ എലീശാ വ്രണപ്പെടുത്തിയില്ല, മറിച്ച് അവന്റെ പ്രതീക്ഷകൾ പരാജയപ്പെട്ടതാണ് കാ രണം. നയമാൻ തന്റെ രോഗശാന്തിയുടെ വിധ ങ്ങൾ സ്വയം സങ്കൽപ്പിക്കാൻ മണിക്കൂറുകളോളം ചെലവഴിച്ചിരിക്കാം. ദൈവപുരുഷൻ തന്നെ സു ഖപ്പെടുത്തിയതെങ്ങനെയെന്ന് താൻ സാ ക്ഷ്യപ്പെടുത്തുന്നത് പോലും അവൻ ഭാവനയിൽ കണ്ടുകാണും. തന്റെ പദ്ധതിയനുസരിച്ച് അത് ന ടക്കാതെ വന്നപ്പോൾ അയാൾ അസ്വസ്ഥനായി. പ്രിയരെ, കർത്താവ് നിങ്ങളെ സുഖപ്പെടുത്തുന്ന തിനോ അല്ലെങ്കിൽ നിങ്ങൾക്ക് പുതിയതും ഉയർ ന്നതുമായ സ്ഥാനം നൽകുന്നതിനോ മുമ്പ്, അ വിടുന്ന് പലപ്പോഴും നിങ്ങളെ വ്രണപ്പെടു ത്തിയെന്നു വരാം. എന്തിനാണ് നാം അതിൽ അ സ്വസ്ഥരാകുന്നത്? ശാരീരിക സൗഖ്യം ആഗ്രഹി ച്ചുകൊണ്ടാണ് നാം ദൈവത്തിങ്കലേക്ക് വരുന്നത്, എന്നാൽ നാം സൗഖ്യം പ്രാപിക്കണമെന്ന് മാത്ര മല്ല, താഴ്മയുള്ളവരായിരിക്കാനും കർത്താവ് ആ ഗ്രഹിക്കുന്നു. അതെ, നമ്മുടെ വിശ്വാസത്തിലൂടെ ദൈവം നമ്മെ സുഖപ്പെടുത്തുന്നു, എന്നാൽ നമ്മുടെ അഹങ്കാരം ദൈവത്തിന്റെ രോഗശാന്തി. രീതി സ്വീകരിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു. നമ്മെ താഴ്ത്താൻ കർത്താവ് നമ്മെ വ്രണപ്പെടു ത്തിയേക്കാം. അങ്ങനെ അവിടുന്ന് നമുക്ക് കൃപ നൽകും. വിശ്വാസം കൃപയിലൂടെ പ്രവർ ത്തിക്കുന്നു. എന്നാൽ ദൈവം എളിമയുള്ളവർക്ക് മാത്രം കൃപ നൽകുന്നു.

യേശു ആളുകളെ സുഖപ്പെടുത്തുന്നതിന് മുമ്പ് തന്റെ വാക്കുകൾ ചിലരെ എങ്കിലും വ്രണപ്പെടുത്തിയെന്ന് കാണാം. ഒരിക്കൽ, യേശു നിലത്തു തുപ്പി, ചെളി ഉണ്ടാക്കി, ഒരു അന്ധന്റെ കണ്ണിൽ പുരട്ടി. അവനോട് ശിലോഹാം കുളം വരെ ബഹുദൂരം നടക്കുവാൻ ആവശ്യപ്പെട്ടു. മറ്റൊരവസരത്തിൽ തന്റെ മകളുടെ രോഗശാന്തി തേടി വന്ന ഒരു സ്ത്രീയോട്, മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു കൊടുക്കുന്നത് നന്നല്ല എന്ന മുറിപ്പെടുത്താവുന്ന ഒരു വാക്ക് പറഞ്ഞു. മറ്റൊരിക്കൽ യേശു ഒരു മനുഷ്യന്റെ

ശേഷം പേജ് 26 ▶



അനു ഗ്രേസ് ചാക്കോ



# മനസ്സിലാകാതിരുന്ന അകപ്പൊരുളുകൾ...

**അ**വധിക്കാലം സുഖവാസകേന്ദ്രത്തിൽ ചെലവഴിക്കുവാൻ വേണ്ടിയാണ് അയാൾ കപ്പലിൽ യാത്ര ആരംഭിച്ചത്. തുടക്കത്തിൽ വളരെ ശാന്തമായിരുന്ന കടൽ പ്രക്ഷുബ്ധമായത് വളരെ പെട്ടെന്നായിരുന്നു. കപ്പിത്താന്റെ നിയന്ത്രണത്തിൽ നിന്നും കാര്യങ്ങളെല്ലാം കൈവിട്ടു പോകുന്ന അവസ്ഥ. ഭയചകിതരായ യാത്രക്കാർ! ആ കപ്പൽ മുങ്ങാൻ തുടങ്ങി. പലരും മരണത്തിനധീനരായി. ഈ മനുഷ്യൻ നീന്തിക്കയറി അടുത്തുള്ള ഒരു ദ്വീപിൽ എത്തിച്ചേർന്നു. ഏകനായി അയാൾ അവിടെ അലഞ്ഞുനടന്നു. പട്ടിണി സഹിക്കാനാവാതെ വന്നപ്പോൾ ചില ചെടികളുടെ ഇലകളും കായ്കനികളും ഒക്കെ ഭക്ഷിച്ച് വിശപ്പടക്കി. മഴയും മഞ്ഞും വെയിലും കൊള്ളാതിരിപ്പാൻ ഒരു ചെറിയ കുടിൽ അയാൾ മരച്ചില്ലകൾ കൊണ്ട് കെട്ടി ഉണ്ടാക്കി. തീ ഉണ്ടാക്കി എന്തെങ്കിലുമൊക്കെ പാകം ചെയ്തു ഭക്ഷിക്കാം എന്ന് വിചാരിച്ച് തീ കൂട്ടിക്കൊണ്ടിരിക്കുമ്പോൾ അയാളുടെ പുല്ലുമേഞ്ഞ ആ കുടിലിന് തീപിടിച്ചു. സ്തബ്ധനായ അയാൾ പെട്ടെന്ന് അലറി നിലവിളിച്ചു. ജീവിക്കുവാൻ പോലും അനുവദിക്കാത്ത ദൈവമേ, അങ്ങ് ഇത്രയും ക്രൂരമായി എന്തുകൊണ്ട് എന്നോട് ഇടപെടുന്നു. അങ്ങനെ അയാൾ ചോദിച്ചു പോയി.

തീ വിഴുങ്ങിയ ആ കുടിലിനു സമീപത്തായി മനസും ശരീരവും തളർന്നവനായി അയാൾ കിടന്നു. എപ്പോഴോ ഉറങ്ങിപ്പോയി. ചില മണിക്കൂറുകൾക്കകം ഒരു ചെറിയ ബോട്ട് ആ ദ്വീപിലെത്തിച്ചേർന്നു. തികച്ചും അപ്രതീക്ഷിതമായി മനുഷ്യശബ്ദം കേട്ട് ഉറങ്ങിക്കിടന്ന അയാൾ ഉണർന്നു. ആരോ തന്നെ കുലുക്കി വിളിക്കുന്നു. ഞങ്ങൾ നിന്നെ രക്ഷിക്കാൻ വന്നതാണ്? അവർ പറഞ്ഞു. ഞാൻ ഇവിടെ ഉണ്ടെന്ന് എങ്ങനെയാണ് നിങ്ങൾ മനസ്സിലാക്കിയത്. വിറയ്ക്കുന്ന ചുണ്ടുകളോടെ അയാൾ ചോദിച്ചു. രാത്രിയിൽ, തീ കത്തുന്നതു കണ്ട് ആർക്കെങ്കിലും അപകടം സംഭവിച്ചു എന്ന് വിചാരിച്ച് ഞങ്ങൾ വന്നതാണ്. അവർ ഉത്തരം പറഞ്ഞു. കുടിലിന് തീപിടിച്ചത് തന്റെ രക്ഷയ്ക്ക് കാരണമായി എന്ന് അപ്പോഴാണ് അയാൾക്ക് മനസ്സിലായത്. അയാൾ ദൈവത്തിനു നന്ദി പറഞ്ഞു. 'എല്ലാം നന്മയ്ക്കായി ഭവിക്കും' എന്നത് വിശ്വസിക്കുവാൻ അപ്പോഴാണ് അദ്ദേഹത്തിന് കഴിഞ്ഞത്. ആരാധനയിൽ സംബന്ധിച്ച സമയത്തു 'ദൈവത്തെ സ്നേഹിക്കുന്നവർക്ക് അതായത് അവിടുത്തെ പദ്ധതി അനുസരിച്ചു വിളിക്കപ്പെട്ടവർക്കു തന്നെ ദൈവം എല്ലാക്കാര്യങ്ങളും നന്മയ്ക്കായി ചേർന്ന് പ്രവർത്തിക്കു

മാറാക്കുന്നു' എന്ന വചനം താൻ കേട്ടിരുന്നു എങ്കിലും അതിന്റെ അകപ്പൊരുളുകൾ വേണ്ടും വണ്ണം മനസ്സിലാക്കിയിരുന്നില്ല.

കഷ്ടപ്പാടുകളുടെ ആധിക്യം വർധിക്കുമ്പോൾ 'ഇത് എന്റെ വിധി'എന്നു പറഞ്ഞു കൊണ്ടാണ് പ്രതിസന്ധികളെ പലരും കാണുന്നത്. ആത്മവിശ്വാസത്തിന്റെ അഭാവവും അല്പവിശ്വാസവും അവരുടെ വാക്കുകളിലും പ്രവർത്തികളിലും ദൃശ്യമാണ്. ഇത്തരം മനോഭാവങ്ങളും നിലപാടുകളും ജീവിതത്തെ കൂടുതൽ കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു. ദൈവത്തോടും മനുഷ്യരോടും കൈപ്പുള്ള മനോഭാവം വെച്ച് പുലർത്തുന്നതിനും കാരണമാകുന്നു. മനുഷ്യനായി ജനിച്ച സകലർക്കും അവരവരുടേതായ നിലകളിൽ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടതായി വരും. 'തീപ്പൊരി ഉയരെപ്പറക്കുമ്പോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു' എന്നാണല്ലോ പുരാതന ഭക്തനായ ഇയ്യോബ് തന്റെ കഷ്ടങ്ങൾക്കിടയിൽ ഉരുവിട്ടത്. 'ആനയ്ക്ക് തടി ഭാരം, ഉറുമ്പിന് അരി ഭാരം' എന്നുള്ള പഴഞ്ചൊല്ല് ഇത്തരുണത്തിൽ സ്മരണീയമാണ്. പാവപ്പെട്ടവർക്ക് മാത്രമല്ല പ്രശ്നങ്ങൾ, അതിസമ്പന്നന്മാർക്കും പ്രശ്നങ്ങൾ ഏറെയുണ്ട്. അവർക്ക് അവരുടേതായ പ്രശ്നങ്ങൾ ആണെന്ന് മാത്രം. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് ആത്മബലത്തോടും ദൈവാശ്രയത്തോടും അല്പായുസ്സുള്ള മനുഷ്യജീവിതം നയിക്കുക എന്ന യാഥാർത്ഥ്യമാണ് ഓരോരുത്തരും തിരിച്ചറിയേണ്ടത്.

ശരിയായ ആത്മീയ ജീവിതം നയിക്കുന്ന അതായത് ക്രിസ്തുവിൽ വേരൂന്നി വളരുന്ന വ്യക്തികൾക്ക് ഉണ്ടാകുന്ന ആത്മധൈര്യവും ബലവും പ്രത്യാശയും, ദൈവത്തോട് ആത്മബന്ധം ഇല്ലാത്ത ആളുകളിൽ കാണുന്നില്ല. മാറുന്ന ജീവിതസാഹചര്യങ്ങളും അവഗണിക്കപ്പെടുന്ന ആത്മീയമൂല്യങ്ങളും ദൈവവേലക്കാരുടെയും വിശ്വാസികളുടെയും സഭകളുടെയും കാഴ്ചപ്പാടുകളിൽ ഉണ്ടാകുന്ന മാറ്റങ്ങളും, കണ്ടു വളരുന്ന പുതുതലമുറയ്ക്കു ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും കുറഞ്ഞു പോകുന്നതിന്റെ നേർസാക്ഷികളല്ലേ നാം ഓരോരുത്തരും. നമുക്കാർക്കും സാഹചര്യങ്ങളെ പഴിപറഞ്ഞു രക്ഷപ്പെടുവാൻ കഴിയുന്നതല്ലല്ലോ. ഇതുകൊണ്ടൊക്കെയാണ് തിന്മകളെ കുറിച്ച് ആവലാതിപ്പെടുകയും അമർഷം പ്രകടിപ്പിക്കുകയും ചെയ്യുന്ന പുതുതലമുറ രക്ഷിക്കപ്പെടാത്തതും ആത്മവിശ്വാസത്തോടെ അതിജീവനത്തിനുള്ള വഴികൾ തെരഞ്ഞെടുക്കാൻ അറച്ചുനിൽക്കുന്നതും. ഇത് കണ്ടില്ലെന്നു നമുക്ക് നടിക്കാനാകുമോ?

പ്രശ്നങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം ഒന്നിന്റെയും പ്രതിവിധി അല്ല. ബാങ്കിൽ നിക്ഷേപിച്ച പണം തിരികെ കിട്ടാത്തതിനെ തുടർന്ന് ചില നിക്ഷേപകർ ജീവനൊടുക്കിയതും ദയാവധത്തിന് അനുമതി നൽകണമെന്ന അപേക്ഷയുമായി ഹൈക്കോടതി ചീഫ് ജസ്റ്റീസിനും മുഖ്യമന്ത്രിക്കും കത്തയച്ചതും അതിജീവനത്തിനുള്ള വഴി തിരിച്ചറിയാത്ത മനുഷ്യരുടെ പ്രതിനിധികളാണ്. സമാനമായ അനേക അനുഭവങ്ങളിൽ വഴിമുട്ടി നിൽക്കുകയാണ് പലരുടെയും ജീവിതം. പ്രതീക്ഷയുടെ തിരിനാളങ്ങൾ അണഞ്ഞ് കൂരിരുട്ടിൽ ദിശ അറിയാതെ കഴിയുന്നവർ.

നിരാശയുടെ കയത്തിൽ അകപ്പെട്ടുപോയാൽ തിരികെ കയറുവാൻ പലപ്പോഴും ബുദ്ധിമുട്ടായിരിക്കും. ജീവിക്കുവാനുള്ള എല്ലാ സാധ്യതകളും അസ്തമിച്ചു എന്ന് തോന്നിത്തുടങ്ങുമ്പോൾ അതിജീവനത്തിനുള്ള വഴി, ദൈവത്തിൽ നിന്നും ധൈര്യവും ബലവും പ്രാപിക്കുക എന്നതാണ്. തങ്ങളുടെ നിസ്സഹായത മനസ്സിലാക്കിക്കൊണ്ട് അത്യുന്നതനായ ദൈവത്തിങ്കലേക്കു മനസ്സുയർത്തി ജീവിതത്തെ സമർപ്പിച്ചു കൊടുക്കുകയാണ് പരിഹാരമാർഗ്ഗം. പിടിച്ചുലയ്ക്കുന്ന പ്രതിസന്ധികളിൽ പിടിച്ചുനിൽക്കണമെങ്കിൽ ശരിയായ മനോഭാവവും നിലനിർത്തേണ്ടതാണ്. ലക്ഷ്യപ്രാപ്തിക്കുള്ള വിലങ്ങു തടിയായി നിൽക്കുന്നത് പലപ്പോഴും വികലമായ മനോഭാവമാണ്. ക്രിസ്തുയേശുവിലുള്ള മനോഭാവം നമ്മിലും ഉണ്ടാകണം എന്നായിരുന്നു പൗലോസ്ശ്ലീഹയുടെ പ്രബോധനം. ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തോടനുരൂപരാക്കണം എന്ന നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം, അതിനുള്ള പ്രക്രിയയിലൂടെ നമ്മെ നടത്തുമ്പോൾ കഷ്ടവും നഷ്ടവും വേദനയും ഏകാന്തതയും ഇടുക്കവും ഞെരുക്കവും നിറഞ്ഞ പാതയിലൂടെ ആയിരിക്കും നടത്തുക. ലക്ഷ്യപ്രാപ്തിയിലേയ്ക്ക് നാം എത്തിച്ചേർന്നു കൊണ്ടിരിക്കുന്നു എന്ന പ്രത്യാശ ആയിരിക്കണം നമ്മുടെ സന്തോഷത്തിനു നിദാനം.

വലിയ കമ്പനികളിൽ ജോലിക്കാരെ എടുക്കുമ്പോൾ അവർ പ്രാധാന്യം കൊടുക്കുന്നത് ശരിയായ മനോഭാവം ഉള്ളവർക്കാണ്. ചില സ്ഥാപനങ്ങളുടെ മാനദണ്ഡം ഇങ്ങനെയാണ്.

Availability 5%, Adaptability 5%, Ability 5%, Attitude 85%. അതായത് ശരിയായ മനോഭാവം ഇല്ലാത്ത ഒരു വ്യക്തി എത്ര കഴിവുള്ള ആളാണെങ്കിലും എത്ര സമയം പ്രവർത്തിക്കുവാൻ തയ്യാറാണെങ്കിലും എത്ര പരിചയസമ്പന്നനാണെങ്കിലും ലക്ഷ്യപ്രാപ്തിയിലെത്തുവാൻ കഴിയുകയില്ല എന്നാണ് ഈ രംഗത്തുള്ള വിദഗ്ധരുടെ കണ്ടെത്തൽ. ഇതും ശരിയായിരിക്കാം. കാരണം പക്വമാകാത്ത മനോഭാവങ്ങൾ വെച്ചു പുലർത്തുന്ന ആളുകൾ നിമിത്തം അല്ലേ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

ശരിയായ ആത്മീയത ഉള്ളവർക്ക് മാത്രമേ ശരിയായ മനോഭാവവും ഉണ്ടാവുകയുള്ളൂ. 'പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെന്ന്, ഒരു സൈന്യം എനിക്കെതിരെ പാളയം ഇറങ്ങിയാലും എന്റെ ഹൃദയം നിർഭയമായിരിക്കും' എന്ന ദാവീദിന്റെ പ്രഖ്യാപനം ഇതിന്റെ തെളിവല്ലേ? ഇസ്രയേൽ ഗോത്രങ്ങളിൽ ഉള്ള എല്ലാവരും വാഗ്ദത്തദേശമായ കനാൻ ദേശത്തു അനാക്യമല്ലന്മാർ നിമിത്തം തങ്ങൾക്കു എത്തുവാൻ കഴിയില്ല എന്നു പറഞ്ഞപ്പോൾ, കാലേബും യോശുവയും 'നമുക്ക് അത് അവകാശപ്പെടുത്തുവാൻ കഴിയും' എന്നു പറഞ്ഞതു ദൈവാശ്രയത്തിലൂടെയുള്ള അതിജീവനത്തിന്റെ നേർചിത്രമാണ്. 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ' എന്നുള്ള പൗലോസിന്റെ വിശ്വപ്രസിദ്ധവും ദൈവാത്മപ്രേരിതവുമായ പ്രഖ്യാപനം, ഇരുട്ടിൽ പ്രകാശിക്കുന്ന വിളക്ക് പോലെയല്ലേ? പ്രതിസന്ധികളാണ് പലപ്പോഴും നമ്മളെ കരുത്തരാക്കുന്നത്.

നമ്മിൽ ദൈവം പകർന്നിരിക്കുന്ന കൃപാവരങ്ങളെ ജ്വലിപ്പിക്കുന്നതും കഴിവുകളെ പുറത്തുകൊണ്ട് വരുന്നതും പ്രതിസന്ധികളാണ്. •

## വഴിത്തിരിവുകൾ വരുമ്പോൾ

**മാനുഷികചിന്തയിലും ആലോചനയിലും മാത്രമൂന്നിയുള്ള തീരുമാനങ്ങൾ പലപ്പോഴും ദൂരവ്യാപകമായ ഭവിഷ്യത്തുകളിൽ കലാശിച്ചേക്കാം. എന്നാൽ ദൈവലോചന അനുസരിച്ചു എടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ യുക്തിക്കു നിരക്കാത്തതായിരിക്കും. ഉദാഹരണത്തിന് 'നിന്റെ പിതൃഭവനത്തെയും ചാർച്ചക്കാരെയും വിട്ടു, ഞാൻ നിന്നെക്കാണിക്കാനിരിക്കുന്ന ദേശത്തേക്കു പോക' എന്ന ദൈവാലോചന കേട്ട് 'എവിടേക്കു പോകുന്നു എന്നറിയാതെ' അബ്രഹാം അതനുസരിക്കുവാൻ തീരുമാനമെടുത്തു. ഈ തീരുമാനം ആരുടേയും യുക്തിക്കു നിരക്കുന്നതായിരുന്നില്ല. എവിടെപ്പോകുന്നു എന്ന് യാത്രാമധ്യേ അബ്രഹാമിനോട് ആരെങ്കിലും ചോദിച്ചാൽ, എനിക്കറിയില്ല എന്ന ഉത്തരം അബ്രാഹിമിനു 'വിഡ്ഢി' എന്ന പേര് ലഭിക്കുവാൻ പര്യാപ്തമായിരുന്നു. എന്നാൽ അങ്ങനെ ഒരു തീരുമാനം അബ്രഹാമെടുത്തതിന്റെ പിന്നിലെ രഹസ്യം, 'ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശം' എന്ന ദൈവത്തിന്റെ വാക്കാണ്. ദൈവം അദൃശ്യനെങ്കിലും തന്നോടൊപ്പമുണ്ടെന്നുള്ള ധൈര്യം ഈ വാക്കിലൂടെ അബ്രഹാമിന് ലഭിച്ചു. യാത്രയ്ക്കിടയിൽ വഴിത്തിരിവുകൾ വരുമ്പോൾ ഇടത്തേക്കോ വലത്തേക്കോ എവിടേക്കാണ് തിരിയേണ്ടതെന്നു കാണിക്കുവാൻ ദൈവം കൂടെയുണ്ടെന്നുള്ള ധൈര്യം! ഒരു സാധാരണ മനുഷ്യന് ഉൾക്കൊള്ളാനാകാത്ത ഒരു തീരുമാനമായിരുന്നു അബ്രഹാമിന്റേത്. യാത്ര എന്ന്, എവിടെത്തീരുമെന്നു യാതൊരു എത്തും പിടിയുമില്ലാതെ, ദൈവത്തെ അന്ധമായി വിശ്വസിച്ചു മുന്നേറുവാനുള്ള ധൈര്യം പകരുവാൻ പര്യാപ്തമായിരുന്നു ദൈവം സംസാരിച്ച വാക്കുകൾ. അബ്രഹാമിന്റെ ഈ തീരുമാനവും അനുസരണവും നമ്മെ സ്വാധീനിക്കുന്നുണ്ടോ?** •





സുജ വിനു

# ശരീരമായിത്തീർന്ന വചനം രുചിച്ചറിയുമ്പോൾ...

**സ്വാ**തന്ത്ര്യം എന്ന വാക്കിന് വിവക്ഷകൾ പലതാണ്, ഏത് അർത്ഥതലത്തിലാണ് എടുക്കുന്നത് എങ്കിലും, സ്വാതന്ത്ര്യം എന്നത് ഒരു സ്ത്രീക്ക് അത്രമേൽ പ്രാപ്യമല്ലാത്ത ഒരു അവസ്ഥ എന്നതിൽ ഭിന്നപക്ഷം ഉണ്ടാവുകയില്ല. ബാഹ്യമായും ആന്തരികമായും സ്വതന്ത്രരല്ലാത്ത അനേക സ്ത്രീകളുണ്ട്. ചിലർക്ക് സ്വാതന്ത്ര്യത്തിന്റെ പുറംചട്ടകളുണ്ട്. പക്ഷേ അകമേ ബന്ധിതയായിരിക്കും. പെൺമനസ്സ് പൊതുവേ അതിന്റെ ഏറ്റവും അടുത്ത പരിസര യാഥാർത്ഥ്യത്തോട് (Reality of the immediate souroundings) വല്ലാതെ കെട്ടുപിണഞ്ഞ ഒന്നായിരിക്കും. യാത്ര ചെയ്യുവാനും സമ്പാദിക്കുവാനും ഒക്കെ അനുവദിക്കപ്പെടുമ്പോഴും കുടുംബത്തിന്റെയും കുഞ്ഞുങ്ങളുടെയും അനുദിനാവശ്യങ്ങളോടുള്ള അദൃശ്യബന്ധനം ഓരോ ശരാശരി സ്ത്രീയുടെയും അന്തരംഗത്തിലുണ്ട്.

‘സത്യം നിങ്ങളെ സ്വതന്ത്രരാക്കും’ എന്ന പ്രസ്താവനയുടെ ആദ്യ വായനകളിലെല്ലാം സ്വാതന്ത്ര്യത്തിന്റെ ബാഹ്യലക്ഷണങ്ങൾ അനുഭവിക്കുന്ന ഒരു സ്ത്രീ എന്ന നിലയിൽ, ***എന്നെ സ്വതന്ത്രയാക്കുന്ന സത്യം എന്താണ് എന്ന ചോദ്യം ഉയർന്നു വന്നുകൊണ്ടിരുന്നു.*** സത്യം എന്നത് ഒരു വസ്തുതയെക്കാളുപരി ഒരു വ്യക്തിയാണ് എന്നതിലേക്ക് ഉണർത്തപ്പെടും വരെ, മാഞ്ഞുപായില്ല ആ ചോദ്യം. ഒരു മനുഷ്യൻ ‘വഴിയും സത്യവും ജീവനും’ ഞാനാണെന്ന് വിളിച്ചു പറഞ്ഞത്, ഒരു വെളിപ്പാടായി ഉള്ളിൽ പതിയും വരെ, ശക്തി കുറഞ്ഞില്ല ആ ചോദ്യത്തിന്.

വചനഗ്രന്ഥത്തിന്റെ താളുകളിൽ നിന്ന് എന്റെ സ്വകാര്യ ധ്യാനത്തിലേക്ക് വീണു കിട്ടിയ ഈ വരികൾ, ഒന്ന് അടിസ്ഥാനമായും മറ്റൊന്ന് മേൽക്കൂരയായും രൂപപ്പെട്ടപ്പോൾ, ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള സഞ്ചാരവും, വചനത്തിലൂടെ തന്നെ ആയിരുന്നു. ക്രിസ്തു എന്ന സത്യത്തിലേക്കും ആ സത്യം പകർന്ന സ്വാതന്ത്ര്യത്തിലേക്കും എന്നെ നയിച്ച വചനത്തിന്റെ ഏണിപ്പടികൾ എണ്ണിപ്പറയുവാൻ കഴിയും എന്നതിന് ഉറപ്പില്ലെങ്കിലും, അതിനുള്ള ഒരു ശ്രമം ആണിത്.

12 സംവത്സരം രക്തസ്രവത്താൽ വലഞ്ഞ സ്ത്രീയെ സൗഖ്യമാക്കുമ്പോൾ യേശു അവളോട്. ‘ബാധ ഒഴിഞ്ഞു സ്വസ്ഥ ആയിരിക്കുക’ എന്നു പറയുന്നു. എന്നെ അസ്വസ്ഥയാക്കുന്ന ‘ബാധ’ എന്തെന്ന് അന്വേഷിക്കാൻ ആരംഭിച്ചു. പ്രതീക്ഷകൾ, സ്വയനീതി, ഭോഷ്ക് മുൻവിധി, ബുദ്ധിനാട്യം, അജ്ഞാനം, അഹംഭാവം.... അന്വേഷിക്കുന്തോറും ചങ്ങലയിലെ കണ്ണുകൾ കൂടിക്കൂടി വന്നു. രോഗത്തിന്റെ ഈ മനസ്സിലാക്കലുകൾക്കൊപ്പം തന്നെ ചികിത്സയും പുരോഗമിച്ചുകൊണ്ടിരുന്നു. അശുദ്ധിയെ പുറത്താക്കുന്ന ചികിത്സ. ഓർമ്മയുടെ ഒരറ്റം മുതൽ ഉള്ളിൽ ദഹിക്കാതെ കിടന്നിരുന്ന സകലത്തെയും ക്രിസ്തുവെന്ന സ്വീകർത്താവിലേക്ക് വിക്ഷേപിച്ചുകൊണ്ടിരുന്നു.

## ദരിദ്രരെങ്കിലും അനുഗ്രഹീതർ

'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ: എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു' (മത്തായി 11:28 - 30) എന്നതായിരുന്നു ആദ്യത്തെ മരുന്ന്. സകല ഭാരവും അവിടുന്ന് ഏറ്റെടുക്കുന്നതും എന്റെ നുകം ലഘുവാകുന്നതും അറിയുന്നുണ്ടായിരുന്നു. വയൽ പൂവുകളെയും വെള്ളരിപ്പക്ഷികളെയും കാക്കുന്നവൻ നിന്നെ കരുതുകയില്ലയോ.... ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്.... ആകുലരാവരുത്.... മരുന്ന് എന്നതിൽ നിന്ന് വചനം ഭക്ഷണമായി മാറിയ കാലം. 'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനം കൊണ്ടു കൂടിയാണ് ജീവിക്കുന്നത്' എന്നതിന്റെ അർത്ഥം ആഴത്തിലറിഞ്ഞ, വചനം വിഭവസമൃദ്ധമായ സദ്യയായി ആസ്വദിച്ചു കൊണ്ടിരുന്ന കാലം. വേദപുസ്തകത്തിലെ വാഗ്ദത്തങ്ങൾ ആത്മാവിനെ പോഷിപ്പിച്ചു കൊണ്ടിരുന്ന കാലം.

വചനത്തിൽ നിറയെ ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുക്ക് അനുഭവിച്ചു തുടങ്ങുമ്പോൾ, സ്ത്രീജീവിതം അതിന്റെ ഏകാന്ത നോവുകളെ, പരാധീനതകളെയും, പരാജയങ്ങളെയും ആന്തരികശൂന്യതയെ ഒക്കെ മറക്കുന്നു. ഗലീല കടൽത്തീരത്തും ജെറുസലേം ദൈവാലയ മുറ്റത്തും ഇസ്രായേൽ പുൽപ്പുറങ്ങളിലും മുഴങ്ങിക്കേട്ട യേശുവിന്റെ ലാവണ്യവാക്കുകൾ ഇന്ന് വചനമായി സംഗ്രഹിക്കപ്പെട്ട് നമുക്കും ലഭിച്ചിരിക്കുന്നു. 'നിന്നെ ചുമന്ന ഉദരങ്ങളും പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ' എന്നു കേൾവിക്കാരെ കൊണ്ട് വിളിച്ചു പറയിച്ച അതേ കൃപാവചനങ്ങൾ നമുക്ക് നൽകപ്പെട്ടിരിക്കുന്നു.

ലോകമനുഷ്യൻ തന്റെ മക്കൾക്ക് അപ്പത്തിന് പകരം കല്ലോ, മീനിന് പകരം പാമ്പോ കൊടുക്കുന്നില്ലെങ്കിൽ, സ്വർഗ്ഗപിതാവ് എത്രയധികം ജീവദായകമായ ആഹാരം തന്റെ മക്കൾക്ക് നൽകാതിരിക്കില്ല എന്ന ക്രിസ്തുവചനം താൻ അനുഭവിച്ച പിതൃസ്നേഹത്തിന്റെ നേർസാക്ഷ്യം ആയി ഓരോ വിശ്വാസിഹൃദയത്തോടും സംവദിക്കുന്നു. 'എന്റെ അടുക്കൽ വരുന്നവരെ..... കൈവിടില്ല' എന്നു പുത്രൻ തന്നെയും തന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും വാഗ്ദത്തങ്ങൾ നൽകുന്നു.

ഉപാധികളില്ലാതെ ദൈവസ്നേഹത്തിന്റെ ഓരോ വചന വെളിപ്പാടുകളും എന്റെ സ്ത്രൈണ ബലഹീനതകളെ സുഖപ്പെടുത്തി കൊണ്ടിരുന്നു. സംസാരപ്രായമാകും മുമ്പ് ശിശുവിന്റെ ആവശ്യങ്ങൾ അറിഞ്ഞ് നിറവേറ്റി കൊടുക്കുന്ന ഒരു മാതൃമനസ്സിന് 'നിങ്ങൾ ചോദിക്കും മുമ്പ് അറിയുന്ന' എന്ന ദൈവ മനസ്സിനോട് സംവദിക്കുക കുറേക്കൂടി എളുപ്പമായിരിക്കും.

വചനത്തിലുടനീളം ഉള്ള പുരുഷമേൽക്കോയ്മയുടേതെന്ന് വിവക്ഷിക്കപ്പെടാവുന്ന അനേകം പദപ്രയോഗങ്ങൾക്കിടയിൽ, സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ് എന്ന ആശയം ഉൾക്കൊള്ളാൻ എന്റെ സ്ത്രൈണവ്യക്തിത്വത്തിന് കൂടുതൽ ളുപ്പമായിരുന്നു. എപ്പോഴും കരുത്തുള്ള ഒന്നിലേക്ക് ചായാൻ കൊതിക്കുന്ന സ്ത്രീ മനോഭാവത്തിന്, എല്ലാം പൂർത്തിയാക്കിയ, എല്ലാ പ്രവർത്തികളും തികച്ച, ഒരു മണവാളൻ എന്നത് തീവ്രകാംക്ഷ ഉദിപ്പിക്കുന്ന ഒരു സ്വപ്നം തന്നെയാണ്. തന്റെ മണവാട്ടിക്കുവേണ്ടി ജീവനെത്തന്നെ പകർന്നു നൽകുന്ന അത്യുന്നത സ്നേഹം, സാക്ഷാൽ ദൈവപുത്രനിൽ മാത്രമുള്ളതും, അത് പ്രാപിച്ചെടുക്കാനുള്ള വഴി വചന ധ്യാനത്തിലൂടെ അവിടുത്തോട് കൂടുതൽ അടുക്കുക, തന്നെ കൂടുതൽ അറിയുക എന്നതു മാത്രമാകുന്നു.

ശമരിയ സ്ത്രീയുടെതെന്നപോലെ ശമിപ്പിക്കുന്ന സ്നേഹം തേടിയുള്ള ഏകാന്തയാത്രകളാണ്, അനവധി സ്ത്രീകളുടെയും ജീവിതങ്ങൾ. സത്യം തിരിച്ചറിയാനോ ക്രിയാത്മകമായി നേരിടാനോ കഴിയാതെ, പുകഞ്ഞുപുകഞ്ഞ്, എരിഞ്ഞടങ്ങുന്നവ. കിണറ്റിങ്കരയിൽ കാത്തുനിൽക്കുന്ന ക്രിസ്തുവിനെ കണ്ടെത്തുവോളം, നിറയപ്പെടാത്ത ആന്തരികശൂന്യത. വചനമെന്ന കിണറാഴത്തിൽ നിന്ന് പിന്നെയും പിന്നെയും കോരിക്കുടിച്ച്, ക്രിസ്തുവിനെ കൂടുതലറിഞ്ഞ് അതിലൂടെ സ്വയമറിഞ്ഞ്...വചനം ജീവനായ് ഹൃദയത്തിലുരുവാകുമ്പോൾ മാത്രം, 'ഭാഗ്യവതി' എന്ന് വിളിക്കപ്പെടുന്ന അവസ്ഥയിലെത്തിച്ചെരുന്നു ഓരോ സ്ത്രീ ജീവിതവും. ജീവവചനത്തിന്റെ ഓരോ കണങ്ങളെയും രുചിച്ചറിഞ്ഞ് ജീവിക്കുമ്പോൾ ബാധകൾ മാറി, സമാധാനം വിടരുന്നതുമനുഭവിച്ചറിയാൻ കഴിയും.

•



വാച്ച്മാൻ നീ

# എന്തുകൊണ്ട് ചഞ്ചലഹൃദയം...?

സ്ഥിരതയുള്ള ഹൃദയം ഉണ്ടായിരിക്കുന്നതിനു പകരം മിക്ക ക്രിസ്ത്യാനികൾക്കും ചാഞ്ചാടുന്നതും അസ്ഥിരവുമായ ഒരു ഹൃദയമാണുള്ളത്. സുസ്ഥിരമായ ഒരു ഹൃദയമാണ് ഏവർക്കും വേണ്ടത്, അല്ലാതെ ചാഞ്ചാടുന്ന ഹൃദയമല്ല. ജഡസ്വഭാവമനുസരിച്ച് അതായത് ആദാമ്യസ്വഭാവമനുസരിച്ച് നമ്മുടെ ഹൃദയം എപ്പോഴും ചാഞ്ചാടുന്നതാണ്. നമ്മെ സംബന്ധിച്ചിടത്തോളം വളരെപ്പെട്ടന്ന് അവസ്ഥാഭേദം സംഭവിക്കുന്നത് നമ്മുടെ ഹൃദയത്തിനാണ്. ഉദാഹരണത്തിന്, രാവിലെ ഉണർന്നെഴുന്നേൽക്കുമ്പോൾ ഒരു സഹോദരൻ തന്റെ ഭാര്യയോട് വളരെ ദയാപുരസ്സരം ഇടപെട്ടേക്കാം. എന്നാൽ പ്രഭാതഭക്ഷണ സമയത്ത് അയാൾക്ക് എന്തെങ്കിലും അനിഷ്ടം ഭാര്യയോട്തോന്നിയാൽ മനോഭാവത്തിൽ മാറ്റം വരികയും അവളോട് ദയയില്ലാത്ത രീതിയിൽ പെരുമാറുകയും ചെയ്തേക്കാം. ഇത് നമ്മുടെ ഹൃദയം ചാഞ്ചാടുന്നതിന്റെ ഒരു ദൃഷ്ടാന്തമാണ്.

നമ്മുടെ ഹൃദയം മറ്റുള്ളവരോടുള്ള ബന്ധത്തിൽ മാത്രമല്ല, യേശുകർത്താവുമായുള്ള ബന്ധത്തിൽ പോലും മാറ്റം സംഭവിക്കാവുന്നതാണ്. ദൈവം മാറ്റമില്ലാത്തവനാണ്; അവിടുന്ന് ഒരിക്കലും മാറുന്നില്ല. തന്റെ സ്വഭാവം ത്യജിക്കുവാൻ തനിക്കു കഴിയുന്നതുമല്ല. എന്നാൽ നാം അഭിരുചികളിലും മനോഭാവത്തിലും വ്യതിചലിക്കുന്നവരാണ്. ഇക്കാരണത്താൽ എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങൾ ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടതും ഇളകാത്തതും ഉറപ്പുള്ളതും ആയിരിക്കണമെന്ന് തിരുവെഴുത്തു നമ്മെ പ്രബോധിപ്പിക്കുന്നു.

ഓരോരുത്തരുടെയും അതായത് ആബാലവൃദ്ധം ജനങ്ങളുടെയും ഹൃദയം ഇനിയും സ്ഥിരപ്പെടേണ്ടതുണ്ട്. ഇത് യുവാക്കൾക്കും മുതിർന്നവർക്കും ഒരുപോലെ ബാധകമാണ്. യൗവ്വനകാലത്തു കാഴ്ചപ്പാടുകൾക്കും മനോഭാവത്തിനും സാഹചര്യങ്ങളുടെ പ്രലോഭനത്താൽ വ്യതിചലനം സ്വാഭാവികമാണ്. 'എന്റെ കണ്ണ് ആഗ്രഹിച്ചതൊന്നും ഞാൻ നിഷേധിച്ചിട്ടില്ല' എന്ന് തന്റെ യൗവ്വനാനുഭവങ്ങളെക്കുറിച്ചാണ് ശലോമോൻ പറയുന്നത്. 'എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം ഓരോരുത്തരെയും ന്യായവിസ്താരസഭയിൽ കൊണ്ടുവരും' എന്ന് തിരിച്ചറിഞ്ഞ തന്റെ ജീവിതാനുഭവങ്ങളിൽ നിന്നും പഠിച്ചതിന്റെ ആകെത്തുകയാണ് 'യൗവ്വനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊള്ളുക' എന്നുള്ള ശക്തവും വ്യക്തവുമായ പ്രബോധനം.

ചെറുപ്പക്കാർ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നില്ല. ഇപ്പോൾ ഒരു വൃദ്ധനെന്ന നിലയിൽ എനിക്ക് പ്രായമായവരെക്കുറിച്ച് സംസാരിക്കാൻ കഴിയും. പ്രായമായ ആളുകൾ യുവാക്കളെക്കാൾ കൂടുതൽ സ്ഥിരതയുള്ളവരല്ല. യഥാർത്ഥത്തിൽ മനുഷ്യസ്വഭാവമനുസരിച്ച് ഹൃദയത്തിൽ ചാഞ്ചാട്ടമില്ലാത്തവർ തുലോം കുറവാണ്.

മനുഷ്യരെന്ന നിലയിൽ ഭൂരിപക്ഷം ആളുകളും മാറിമറിയുന്ന പ്രകൃതമുള്ളവരാണ്. പ്രായപൂർത്തിയാകുന്നത് കൊണ്ട് നമ്മുടെ സ്വഭാവത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടെന്ന് അർത്ഥമാക്കുന്നില്ല. അനുഭവസമ്പത്തു ചില ചാഞ്ചാട്ടങ്ങളെ ജീവിതത്തിൽ നിന്ന് തുടച്ചു മറ്റും എന്നത് മറ്റൊരു വശം. എങ്കിലും പ്രായമായവരും യുവാക്കളും ഹൃദയത്തിൽ ചാഞ്ചാട്ടമുള്ളവരാണ്. അതിനാൽ, പ്രായത്തിൽ മുതിർന്നാലും ചാഞ്ചാട്ടമുണ്ടാകില്ല എന്നത് വെറുമൊരു മിഥ്യാധാരണയാണ്. അതേസമയം ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു അതിനൊത്തവണ്ണം ക്രിസ്തുകേന്ദ്രീകൃതമായി പണിയപ്പെടുന്ന ജീവിതങ്ങൾ, ചാഞ്ചാട്ടപ്രകൃതത്തിൽ നിന്ന് സ്വതന്ത്രരായി തങ്ങളുടെ ലക്ഷ്യപ്രാപ്തിയായ ആത്മികജീവിത വിജയം കരസ്ഥമാക്കും. എന്റെ ശുശ്രൂഷയിൽ ഞാൻ ആയിരക്കണക്കിന് ആളുകളെ കണ്ടുമുട്ടിയിട്ടുണ്ട്. വർഷങ്ങളിലൂടെ മനുഷ്യഹൃദയത്തിന്റെ മാറ്റസാധ്യത അവരിൽ ഞാൻ കണ്ടു. കാലാകാലങ്ങളിൽ അവരുടെ മനസ്സ് മാറുന്നതും ഞാൻ കണ്ടു. നമ്മുടെ ഹൃദയം വചനാനുസരണം രൂപാന്തരപ്പെടണമെങ്കിൽ ക്രിസ്തീയജീവിതത്തിൽ ഒരു നിർണായക തീരുമാനവും സമർപ്പണവും അനിവാര്യമമാണ്. ഹൃദയത്തെ സ്ഥിരപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിലും, നമുക്ക് ഇത് സ്വയം ചെയ്യാൻ കഴിയില്ല. സുസ്ഥിരമായ ഹൃദയം തരുവാൻ കർത്താവിന് മാത്രമേ കഴിയൂ. കർത്താവിനു അത് സാധിച്ചെടുക്കണമെങ്കിൽ വചനം നമ്മിൽ ക്രിയ ചെയ്യുവാൻ നാം നമ്മെ ദൈവഹിതത്തിനു വിധേയപ്പെടുത്തി സമർപ്പിക്കണം.

തിരുവെഴുത്തനുസരിച്ച് ഒരു കുറ്റമറ്റ ഹൃദയം നമ്മിലുളവാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നതായി നാം കാണുന്നു. ദൈവം നമ്മുടെ ഹൃദയത്തെ കുറവുള്ളതായി കാണുന്നതും അങ്ങനെ കാണുവാൻ കാരണമായിരിക്കുന്നതും എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? നമ്മുടെ ഹൃദയം കപടവും ദോഷവും നിറഞ്ഞതാണ്. അതിനാൽത്തന്നെ അത് അസ്ഥിരവുമാകുന്നു. ക്രിസ്തുവെന്ന ഉറപ്പുള്ള പാറയിൽ പണിയപ്പെടുവാൻ നാം സമർപ്പിച്ചാൽ അത് കുറ്റമറ്റതും സ്ഥിരതയുള്ളതുമാകും. സുസ്ഥിരമായ ഹൃദയം മാത്രമാണ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ പര്യാപ്തമായത്.

ചിലപ്പോഴൊക്കെ നാം മറ്റുള്ളവരെ അവരുടെ ചഞ്ചലഹൃദയം നിമിത്തം സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നു. വിശ്വാസികളെ ഇടയനെന്ന നിലയിൽ പരിപാലിക്കുമ്പോൾ, ചില വിശ്വാസികളെ വിശ്വസിക്കരുതെന്ന് മറ്റുചിലർ മുന്നറിയിപ്പ് നൽകിയേക്കാം. നമ്മുടെ കാര്യമോ? നാമും ചഞ്ചലഹൃദയമുള്ളവരല്ലേ? എന്നാൽ വചനം നമ്മെ പഠിപ്പിക്കുന്നതു അങ്ങനെയുള്ളവരോട് മനസ്സലിവ് കാണിക്കണമെന്നും സ്നേഹത്തോടെ ബുദ്ധിയുപദേശം നൽകി ഹൃദയത്തെ ഉറപ്പിക്കണമെന്നും ആണ്. സ്വാഭാവിക ജീവിതത്തിൽ നാമും മാറുവാൻ സാദ്ധ്യതയുള്ളവരെന്നു സമ്മതിക്കണം. വർഷങ്ങൾക്ക് മുമ്പ് ഞാൻ എന്റെ ഡയറിയിൽ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിരുന്നു. ഉദാഹരണത്തിന്, കർത്താവിന്റെ മുമ്പാകെ ഞാൻ ഒരു പ്രത്യേക കാര്യം എങ്ങനെ നന്നായി കൈകാര്യം ചെയ്തു എന്നതിന്റെ ഒരു റെക്കോർഡ്. എന്നാൽ വർഷങ്ങൾക്ക് ശേഷം ഞാൻ എഴുതിയത് വായിക്കാൻ ധൈര്യപ്പെട്ടില്ല. കാരണം അത്തരമൊരു റെക്കോർഡ് എഴുതിയതിന് ശേഷവും എന്റെ ഹൃദയത്തിൽ അത്തരം കാര്യങ്ങളിൽ ചില മാറ്റങ്ങൾ അനുഭവപ്പെട്ടു.

ആവേശത്തിലെടുത്ത പല തീരുമാനങ്ങളും അതിന്റെ അപ്രായോഗികത നിമിത്തവും പരിജ്ഞാനമില്ലത്ത എരിവ് നിമിത്തവും പിൽക്കാലത്തു മാറ്റേണ്ടി വന്നിട്ടില്ലേ? വ്യക്തികളെ വിലയിരുത്തുന്നതിലും അബദ്ധങ്ങൾ പിണഞ്ഞിട്ടില്ലേ? ഉദാഹരണത്തിനു മെലീത്ത ദ്വീപുവാസികൾ പൗലോസിനെ അണലി കടിച്ചപ്പോൾ 'ഇവൻ ഒരു കൊലപാതകൻ, ദൈവനീതി അവനെ ജീവിച്ചിരിക്കുവാൻ സമ്മതിക്കുന്നില്ല' എന്ന് പറഞ്ഞു. തുടർന്ന് പൗലോസിന് ഒന്നും സംഭവിച്ചില്ല എന്ന് കണ്ടപ്പോൾ അവർ മനസ് മാറി 'ഇവൻ ഒരു ദേവനെന്ന്' പറഞ്ഞു. ഇത്തരം കാര്യങ്ങൾ നമ്മുടെ ഇടയിൽ ഇന്നും സംഭവിക്കുന്നില്ലേ?

ഓരോരുത്തരും അവരുടെ ഹൃദയം അസ്ഥിരമാണെന്നു തിരിച്ചറിയുകയും സമ്മതിക്കുകയും വേണം. ഹൃദയം സ്ഥിരതയുള്ളതാക്കുവാൻ കർത്താവിനു അനുവാദം നൽകി കർത്താവിൽ നിന്ന് കരുണയും കൃപയും സ്വീകരിക്കേണ്ടതുമുണ്ട്. ഇളകാത്തതും ഉറപ്പുള്ളതും നിർമ്മലവുമായ ഒരു ഹൃദയം നമ്മിലുളവാക്കുന്നതിനു യേശു കർത്താവ് നമ്മുടെ സമർപ്പണത്തിനായി കാത്തിരിക്കുകയാണ്. ഹൃദയം ഉറച്ചിരുന്നാൽ അത് ദൈവത്തിനു തീർച്ചയായും പ്രസാദകരം തന്നെ. അതെ, നമ്മുടെ ഹൃദയം ഉറച്ചിരിക്കട്ടെ. ●



## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ

ജോയ് എം. തോമസ്

# സൂക്ഷ്മത നമുക്കും അനിവാര്യം

'**അ**നന്തരം പരീശന്മാർ ചെന്നു അവനെ വാക്കിൽ കുടുക്കേണ്ട തിന്നു ആലോചിച്ചുകൊണ്ടു തങ്ങളുടെ ശിഷ്യന്മാരെ ഹെരോദ്യരോടു കൂടെ അവന്റെ അടുക്കൽ അയച്ചു: ഗുരോ, നീ സത്യവാനും ദൈവ ത്തിന്റെ വഴി നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാ ത്തവൻ ആകയാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്നും ഞങ്ങൾ അറിയുന്നു. നിനക്കു എന്തു തോന്നുന്നു? കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു പറഞ്ഞുതരേണം എന്നു പറയിച്ചു. യേശു അവരുടെ ദുഷ്ടത അറിഞ്ഞു: കപട ഭക്തി ക്കാരേ, എന്നെ പരീക്ഷിക്കുന്നതു എന്തു? കരത്തിന്നുള്ള നാണയം കാണിപ്പിൻഎന്നു പറഞ്ഞു; അവർ അവന്റെ അടുക്കൽ ഒരു വെള്ളി ക്കാശുകൊണ്ടുവന്നു. അവൻ അവരോടു: ഈ സ്വരൂപവും മേലെഴുത്തും ആരുടേതു എന്നു ചോദിച്ചുതിന്നു കൈസരുടേതു എന്നു അവർ പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ള തു ദൈവത്തിന്നും കൊടുപ്പിൻഎന്നു അവൻ അവരോടു പറഞ്ഞു. അവർ കേട്ടു ആശ്ചര്യപ്പെട്ടു അവനെ വിട്ടു പൊയ്ക്കളഞ്ഞു (മത്തായി 22: 15–22).

പരീശന്മാരും ഹെരോദ്യരും ചേർന്നു യേശുവിനെ വാക്കിൽ കുടുക്കേണ്ടതിനു ഒരുക്കിയ തന്ത്രം പാളിപോയതാണ് നമ്മുടെ വായ നാഭാഗത്തെ പ്രതിപാദ്യവിഷയം. വാക്കിൽ കുടുക്കുവാനുള്ള പിശാചി ന്റെ തന്ത്രത്തെക്കുറിച്ചു നാം ഓരോരുത്തരും; പ്രത്യേകാൽ ആത്മി കനേതൃനിരയിൽ ഉള്ളവരും വചനപ്രഘോഷകരും ബോധവാന്മാരായി രിക്കണം. പരീശന്മാരും ഹെരോദ്യരും തമ്മിൽ യോജിപ്പില്ലാത്തവരാണ്. പരീശന്മാർ തങ്ങളെത്തന്നെ ദൈവഭക്തരും ദേശഭക്തരുമായി കരുതു ന്നവരാണ്. ഹെരോദ്യർ, രാജാവായ ഹെരോദാവിനെ പിന്താങ്ങുന്നവ രാണ്. രാഷ്ട്രീയ വീക്ഷണത്തിലും വിശ്വാസവിഷയങ്ങളിലും വിയോജി പ്പുള്ള ഇവർ യേശുകർത്താവിനെ എതിർക്കുന്നതിൽ യോജിക്കുന്ന

**എത്ര മധുരം ചാലിച്ച വാക്കുകൾ! മനുഷ്യർ ആരായാലും ഇതുപോലുള്ള വാക്കു കളിൽ വീണുപോകും. കാരണം നമ്മുടെ പ്രകൃതത്തിൽ നാം മുഖസ്തുതി ഇഷ്ടപ്പെടു ന്നവരാണ്. ആളുകളുടെ അംഗീകാരവും പ്രശംസയും പലർക്കും വലിയ കാര്യങ്ങളാണ്. എന്നാൽ യഥാർത്ഥ ദൈവഭക്തരായി നമുക്കും ജീവിക്ക ണമെങ്കിൽ നാം അംഗീകാരത്തിന്റെ പുറകെ പോകുകയോ, മുഖസ്തുതികളിൽ മയങ്ങി വീഴുകയോ ചെയ്യരുത്.**

തായി നാം കാണുന്നു. ഇത് ഇന്നും നാം കാണുന്ന യാഥാർഥ്യമാണ്.

'നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും, ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ട് കാക്കുമെന്നും ഞാൻ പറഞ്ഞു'എന്ന ദാവീദിന്റെ തീരുമാനം വളരെ പ്രസക്തമാണ്. ഈ സൂക്ഷ്മത നമുക്കും അനിവാര്യമാണ്. വാക്കിൽ കുടുക്കുക എന്നത് പിശാചിന്റെ തന്ത്രമാണ്. നാവിനെ കടിഞ്ഞാൺ ഇട്ടു കാക്കുവാനുള്ള ദൈവകൃപയ്ക്കായി നാം എപ്പോഴും പ്രാർത്ഥിക്കേണ്ടതുണ്ട്. മറ്റുള്ളവരെ വാക്കിൽ കുടുക്കുവാനുള്ള മനോഭാവം നമ്മിൽ ഉണ്ടാകുകയുമരുത്.

യേശുവിനെ വാക്കിൽ കുടുക്കുവാൻ അവർ ഉപയോഗിച്ച ആദ്യത്തെ തന്ത്രം 'മുഖസ്തുതി' എന്ന ആയുധമായിരുന്നു. അവരുടെ കപടവാക്കുകൾ ശ്രദ്ധിക്കുക ...'ഗുരോ, നീ സത്യവാനും ദൈവത്തിന്റെ വഴി നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവനും ആകയാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്ന് ഞങ്ങൾ അറിയുന്നു.' എത്ര മധുരം ചാലിച്ച വാക്കുകൾ! മനുഷ്യർ ആരായാലും ഇതുപോലുള്ള വാക്കുകളിൽ വീണുപോകും. കാരണം നമ്മുടെ പ്രകൃതത്തിൽ നാം മുഖസ്തുതി ഇഷ്ടപ്പെടുന്നവരാണ്. ആളുകളുടെ അംഗീകാരവും പ്രശംസയും പലർക്കും വലിയ കാര്യങ്ങളാണ്. എന്നാൽ യഥാർത്ഥ ദൈവഭക്തരായി നമുക്കും ജീവിക്കണമെങ്കിൽ നാം അംഗീകാരത്തിന്റെ പുറകെ പോകുകയോ, മുഖസ്തുതികളിൽ മയങ്ങി വീഴുകയോ ചെയ്യരുത്.

മുഖസ്തുതിയിൽ പൊതിഞ്ഞു തന്ത്രപരമായി അവർ യേശുവിനോടു ചോദിച്ച ചോദ്യം ഇതായിരുന്നു: 'നിനക്കു എന്ത് തോന്നുന്നു? കൈസർക്കു കരം കൊടുക്കുന്നത് വിഹിതമോ അല്ലയോ എന്ന് പറഞ്ഞുതരേണം.'ഇവരുടെ വാക്കുകൾ കേട്ടപ്പോൾ തന്നെ കർത്താവു അവരെയും, അവരുടെ കപട ഹൃദയത്തെയും തിരിച്ചറിഞ്ഞു. 'അവരുടെ ദുഷ്ടത അറിഞ്ഞു'എന്നാണ് മത്തായി രേഖപ്പെടുത്തിരിക്കുന്നത്. ദൈവപുത്രനായ യേശു എല്ലാ ഹൃദയങ്ങളെയും നന്നായി അറിയുന്നു. 'മനുഷ്യനിലുള്ളത് എന്ത് എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല.' (യോഹന്നാൻ 2:25).

ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന 'ദുഷ്ടത' മനുഷ്യരുടെ വലിയ പ്രശ്നമാണ്. മനുഷ്യന്റെ ഹൃദയത്തെ നോക്കി ദൈവം പറയുന്നു, 'ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്; അത് ആരാഞ്ഞറിയുന്നവൻ ആർ? 'യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു'(യിരെമ്യാവ് 17:9,10). ഹൃദയത്തിലെ ദുഷ്ടത പരീശന്മാരുടെ മാത്രം പ്രശ്നമാണോ? നാം ഓരോരുത്തരും നമ്മെത്തന്നെ ശോധന ചെയ്യേണ്ട ഒരു അതിപ്രധാനമായ മേഖലയാണ് ഇത്. അപ്പോസ്തലനായ പത്രോസ് നമ്മെ പ്രബോധിപ്പിക്കുന്നു, 'ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ' (1 പത്രോസ് 2:1,2). ദുഷ്ടതയിൽ നിന്നാണ് എല്ലാ ചതിവും, കപടവും (വ്യാജഭാവം) ഭോഷ്ക്കും (നുണ), വഞ്ചന എല്ലാം ഉത്ഭവിക്കുന്നത്. ഹൃദയത്തിൽ ദുഷ്ടത വളരുന്നത് അവിശ്വാസത്തിന്റെ ഫലമായിട്ടാണ്. അതുകൊണ്ടു പരിശുദ്ധാത്മാവ് നമ്മെ പ്രബോധിപ്പിക്കുന്നു, 'സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ'(എബ്രായർ 3:12).

കൈസർക്കു കരം കൊടുക്കുക എന്നത് കൈസരോടുള്ള വിധേയത്വം പ്രഖ്യാപിക്കുന്നതാണ്. റോമാസാമ്രാജ്യത്തിന്റെ തലവനായ കൈസർ ഏർപ്പെടുത്തിയ ഒരു നികുതി, അതായതു യഹൂദ്യയിൽ ഉള്ള എല്ലാവരും വർഷത്തിൽ ഒരു പ്രാവശ്യം ഓരോ വെള്ളിക്കാശു (Denarius) റോമൻ നാണയത്തിൽ കൊടുക്കണം. ഇതിനെ യഹൂദന്മാർ വെറുത്തിരുന്നു; കാരണം അവർ കൈസരോടു വിധേയത്വം ഉള്ളവരായിരിക്കുവാൻ ആഗ്രഹിച്ചില്ല. ഒരു സ്വതന്ത്ര രാജ്യം അവർക്കു ലഭിക്കുക എന്നതാണ് അവർ ആഗ്രഹിച്ചത്. അതുകൊണ്ടു യേശുവിനെ വാക്കിൽ കുടുക്കുവാൻ പറ്റിയ ഒരു ചോദ്യമായിട്ടു അവർ അത് കണ്ടു.

കർത്താവു നൽകിയ മറുപടി വളരെ ശ്രദ്ധേയമാണ്. കർത്താവു അവരോട് 'കപടഭക്തിക്കാരെ, എന്നെ പരീക്ഷിക്കുന്നത് എന്ത്?' അവരുടെ ഭക്തി കപടഭക്തിയാണെന്നു കർത്താവു അവരോടു

തുറന്നു പറഞ്ഞു. നിങ്ങൾ പരീക്ഷിക്കുവാൻ ആണ് ഈ ചോദ്യം ചോദിക്കുന്നത് എന്നതും കർത്താവു അവരോട് തുറന്നു പറഞ്ഞു. കർത്താവ് ആരെന്നും, തനിക്കവരോടുള്ള സ്നേഹവും അവർ മനസാന്തരപ്പെടുവാൻ കാത്തിരിക്കുന്നു എന്നത് അവർ അറിയുന്നില്ല എങ്കിലും കർത്താവ് അവരെ വളരെ നന്നായി അറിയുന്നു എന്നതും കർത്താവിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അവർക്കു ബോധ്യപ്പെടുമായിരുന്നു. കഠിന ഹൃദയരായ അവർ കർത്താവിനെ അറിയുവാൻ ആഗ്രഹിച്ചതേയില്ല.

പരാമർത്ഥികളും ഭക്തരും ആയവരെ ഇന്നും ജനങ്ങൾ മനസ്സിലാക്കുന്നില്ല. സത്യസന്ധത, നിർവ്യാജസ്നേഹം, വിശ്വസ്തത, ദൈവഭക്തി, ഇതൊക്കെ തിരിച്ചറിയുവാൻ ജനങ്ങൾക്ക് കഴിവു നഷ്ടപ്പെട്ടിരിക്കുന്നു. ഭോഷ്ക്കിനെ ഇഷ്ടപ്പെടുന്നതു കൊണ്ട് ഭോഷ്ക്കിന്റെ ആത്മാവിനു ജനങ്ങൾ അടിമപ്പെട്ടുപോയി. എത്ര കഷ്ടം!

യേശു അവരോടു: 'കരത്തിനുള്ള ഒരു നാണയം കാണിപ്പിൻ' എന്ന് പറഞ്ഞു. അവർ ഒരു റോമൻ നാണയം (ഒരു വെള്ളിക്കാശു) കാണിച്ചു. ആ നാണയത്തിന്മേലുള്ള രൂപവും ലിഖിതവും (സ്വരൂപവും മേലെഴുത്തും) ആരുടേത് എന്ന് കർത്താവു അവരോടു ചോദിച്ചു. റോമൻ നാണയത്തിന്മേലുള്ള രൂപവും ലിഖിതവും കൈസരുടെതാണ് എന്ന് അവർ പറഞ്ഞു. അപ്പോൾ കർത്താവ് കൃത്യമായി മറുപടി നൽകി; 'കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക.' ഈ മറുപടിയിൽ ആശ്ചര്യപ്പെട്ടു അവർ പിരിഞ്ഞുപോയി.

മാനുഷീക അധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കുവാനാണ് കർത്താവ് നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടു നികുതി കൊടുക്കണം. അപ്പോസ്തലനായ പൗലോസിലൂടെ നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക. 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു (റോമർ 13:1). തുടർന്ന് പറയുന്നു; 'നിങ്ങൾ നികുതികൊടുക്കുന്നതും ഇതേ കാരണത്താൽത്തന്നെ. എന്തെന്നാൽ, അധികാരികൾ ഇക്കാര്യങ്ങളിൽ നിരന്തരം ശ്രദ്ധവയ്ക്കുന്ന ദൈവശുശ്രൂഷകരാണ്. ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി; ചുങ്കം അവകാശപ്പെട്ടവനു ചുങ്കം; ആദരം അർഹിക്കുന്ന

**ദൈവത്തിനുള്ളത് ദൈവത്തിനു കൊടുക്കണം. നാമും നമുക്കുള്ളതെല്ലാം ദൈവത്തിനുള്ളതാണ് എന്നോർക്കണം. അതുകൊണ്ടു ദൈവത്തിനു നാം നമ്മെ തന്നെയും നമുക്കുള്ളതെല്ലാം പൂർണ്ണമായി സമർപ്പിക്കണം.**

വന് ആദരം; ബഹുമാനം നൽകേണ്ടവനു ബഹുമാനം. (റോമർ 13:6,7). ഈ ഉപദേശം അനുസരിക്കുവാൻ നാം ഉത്സാഹികളായിരിക്കണം.

ദൈവത്തിനുള്ളത് ദൈവത്തിനു കൊടുക്കണം. നാമും നമുക്കുള്ളതെല്ലാം ദൈവത്തിനുള്ളതാണ് എന്നോർക്കണം. അതുകൊണ്ടു ദൈവത്തിനു നാം നമ്മെ തന്നെയും നമുക്കുള്ളതെല്ലാം പൂർണ്ണമായി സമർപ്പിക്കണം. നമ്മുടെയും നമുക്കുള്ള എല്ലാറ്റിന്റെയും ശരിയായ ഉടമസ്ഥൻ ദൈവമാണ് എന്നത് മറക്കുവാൻ പാടില്ല. നാം ഓരോരുത്തരും അവിടെത്തെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. നമുക്കുള്ളതെല്ലാം അവിടുത്തെ ദാനങ്ങൾ ആണ്. ഭൂമിയും അതിന്റെ പൂർണ്ണതയും ദൈവത്തിനുള്ളതാണല്ലോ(സങ്കീർത്തനം 24:1).

നികുതി വെട്ടിച്ചു ദൈവവേലക്കു കൊടുക്കുന്നതിൽ അർത്ഥമില്ല. കൈക്കൂലി വാങ്ങിയോ അമിതലാഭം വാങ്ങിയോ ഒന്നും ദൈവവേലയ്ക്കു കൊടുക്കുന്നത് ദൈവത്തിനു പ്രസാദമല്ല. വ്യാജമാർഗ്ഗത്തിൽ കൂടി സുവിശേഷവേല ചെയ്താൽ ദൈവനാമം ദുഷിക്കപ്പെടുവാൻ മാത്രമായിരിക്കും അത് മുഖാന്തിരമാകുക. ദ്രവ്യാഗ്രഹം, ഉപയപ്രയോഗങ്ങൾ, ചതിവ്, ഭോഷ്ക്കു, ഇതെല്ലം ദൈവം വെറുക്കുന്നതാണ്. സുവിശേഷവേലയ്ക്കു പണം കണ്ടെത്തുന്നത് സത്യത്തിന്റെയും നിർമ്മലതയുടെയും മാർഗ്ഗത്തിൽ മാത്രം ആയിരിക്കണം.

ദൈവത്തിനു കീഴ്പ്പെടുന്നതിന്റെ ഭാഗമാണ് അധികാരങ്ങൾക്കു കീഴ്പ്പെടുന്നതും, കാരണം ദൈവം നമുക്ക് അങ്ങനെ കല്പന നൽകിയിരിക്കുന്നു. ദൈവത്തിനു കീഴ്പ്പെടുവാൻ പാടില്ല എന്ന് മാനുഷിക അധികാരികൾ പറഞ്ഞാൽ, തത്തുല്യമായ നിയമങ്ങൾ ഉണ്ടാക്കിയാൽ നമുക്ക് അത് അനുസരിക്കുവാൻ ബാധ്യത ഇല്ല. ദൈവത്തിനു കീഴ്പ്പെടുന്നതിന്റെ ഭാഗമായി മാത്രമേ നമുക്ക് മാനുഷിക നിയമങ്ങൾ അനുസരിക്കുവാൻ ബാധ്യതയുള്ളു. കാരണം പരമോന്നത അധികാരിയും ന്യായാധിപതിയും ദൈവമാണ്. •

ചെവിയിൽ അവന്റെ പ്രതീക്ഷകൾക്ക് വിരോധമായി വിരലുകൾ ഇട്ടു അവന്റെ ബധിരത സുഖപ്പെടുത്തി. കർത്താവ് ആളുകളെ സുഖപ്പെടുത്തുന്നതിന് മുമ്പ് പലപ്പോഴും അവരുടെ ഹിതത്തിനെതിരായി മുറിപ്പെടുത്തുംവണ്ണം പ്രവർത്തിച്ചു എന്നുപോലും വ്യാഖാനിക്കാവുന്ന രീതിയിലായിരുന്നു. ഓരോരുത്തരും മറ്റുള്ളവരിൽ നടന്ന രോഗശാന്തിയുടെ വിധം തിരഞ്ഞു, അതുപോലെ തന്നെ തങ്ങളിലും സംഭവിക്കണമെന്നു പ്രതീക്ഷിച്ചതാണ് ഇതിന്റെ കാരണം.

കനാന്യ സ്ത്രീയുടെ പ്രതികരണം ശ്രദ്ധിക്കുക: 'കർത്താവേ, നയക്കുട്ടികൾ ഉടയവരുടെ മേശമേൽ നിന്ന് വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുണ്ടല്ലോ' (മത്തായി 15:27) എന്ന് പറഞ്ഞു. കണ്ണിൽ ചെളി പുരട്ടി ബഹുദൂരം നടക്കാൻ യേശു ആ മനുഷ്യനോട് പറഞ്ഞപ്പോൾ, ആ മനുഷ്യൻ തർക്കിക്കുകയോ, ആയാസരഹിതമായ രോഗശാന്തിക്കായി ആവശ്യപ്പെടുകയോ ചെയ്തില്ല; അവൻ വിനയാന്വിതനായി അനുസരിച്ചു, സൗഖ്യമുള്ളവനായി മടങ്ങിവന്നു. യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങാൻ എലീശാ നയമാനോട് പറഞ്ഞപ്പോൾ, ആ വാക്കു അവനെ മുറിവേൽപ്പിച്ചു. എന്നിട്ടും അവൻ സ്വയം താഴ്ത്തിയപ്പോൾ അവന്റെ കുഷ്ഠരോഗം മാറി അവന്റെ ത്വക്ക് ഒരു കൊച്ചുകുട്ടിയുടേതിനു സമമായി. വിനയത്തിലൂടെ സൗഖ്യം അവകാശമാക്കി.

ഒരുപക്ഷേ നിങ്ങൾക്ക് ഇതുവരെ രോഗശാന്തിയോ അഭിവൃദ്ധിയോ ലഭിച്ചിട്ടില്ലായിരിക്കാം, കാരണം നിങ്ങളുടെ മുമ്പിൽ ദൈവം ആവശ്യപ്പെട്ട പാതയിലൂടെ നടക്കുന്നത് നിങ്ങളുടെ അന്തസ്സിനു നിരക്കാത്തതാണെന്നു ചിന്തിച്ചിരുന്നതിനാലാവാം. പാരമ്പര്യത്തിന്റെ ദുരഭിമാനമെന്ന ശാഠ്യത്തിൽ തൂങ്ങിക്കിടക്കാതെ പാപവഴികളിൽ നിന്നും മാറി നടക്കുവാൻ സമർപ്പിക്കുക. ദൈവം നിങ്ങളെ സുഖപ്പെടുത്താൻ ആഗ്രഹിക്കുന്നു, തന്റെ കൃപയാൽ നിങ്ങളുടെ മനസ് പുതുക്കാനും രൂപാന്തരപ്പെടുത്താനും അവിടുന്ന് ആഗ്രഹിക്കുന്നു.

യേശു പഠിപ്പിച്ച കാര്യങ്ങൾ പഠിക്കുമ്പോൾ, അവൻ നമ്മെ 'നിഷ്ക്കളങ്കരാക്കുവാൻ' വന്നതാണെന്ന് വ്യക്തമാണ്. ആരെങ്കിലും നിങ്ങളെ ഒരു കവിളിൽ അടിച്ചാൽ മറ്റേ കവിളും കാണിച്ചു കൊടുക്കൂ എന്ന് അവിടുന്ന് പറയുന്നു. ശത്രുക്കളെ സ്നേഹിക്കണമെന്നും നമ്മെ ശപിക്കു

**പാരമ്പര്യത്തിന്റെ ദുരഭിമാനമെന്ന ശാഠ്യത്തിൽ തൂങ്ങിക്കിടക്കാതെ പാപവഴികളിൽ നിന്നും മാറി നടക്കുവാൻ സമർപ്പിക്കുക. ദൈവം നിങ്ങളെ സുഖപ്പെടുത്താൻ ആഗ്രഹിക്കുന്നു.**

ന്നവരെ അനുഗ്രഹിക്കണമെന്നും യേശു പറഞ്ഞു. യേശു തന്റെ സ്വജീവിതത്തിൽ വേദനകളും യാതനകളും ശരീരത്തിലും മനസിലും ആത്മാവിലും സഹിച്ചു കൊണ്ട്, സ്നേഹത്തിന്റെ കുറ്റമറ്റ ഹൃദയം എല്ലാ പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്യുന്നുവെന്ന് നമുക്ക് കാണിച്ചുതരികയാണ് ചെയ്തത്. ഇതേവഴി നാമും പിൻതുടരണമെന്നു ദൈവം ആഗ്രഹിക്കുന്നു.

'കർത്താവേ, എന്റെ തെറ്റായ മനോഭാവം മാറി ക്രിസ്തുവിന്റെ മനസുള്ളവനായി ജീവിക്കുവാൻ കൃപതരണമേ' എന്ന് നമുക്ക് പ്രാർത്ഥിക്കാം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ, അവിടുന്ന് ചിലപ്പോൾ നമ്മെ വ്രണപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നടത്തി എന്ന് വന്നേക്കാം. അതായത് അസഹനീയമായ സാഹചര്യത്തിലൂടെ നമ്മുടെ നിസഹായത ബോധ്യപ്പെട്ടു പോയെങ്കിലല്ലേ നാം സഹിഷ്ണുത പഠിക്കുകയുള്ളൂ. കർത്താവ് രൂപാന്തരപ്പെടുത്താൻ ആഗ്രഹിക്കുന്ന നമ്മുടെ ആത്മാവിന്റെ തലങ്ങളെ ഒരു പക്ഷെ ആദ്യം വ്രണപ്പെടുത്തിക്കൊണ്ടാണ് മാറ്റം വരുത്തുന്നത്. നാം ഈ പ്രതികൂല സാഹചര്യത്തെ അതിജീവിക്കണമെന്ന് യേശു പ്രതീക്ഷിക്കുന്നു. ക്രിസ്തുയേശുവിന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ ആവുകയും അതിൽ വളർന്നു ബലപ്പെടുകയും അങ്ങനെ നാം ക്രിസ്തുവിനെപ്പോലെയാവുകയും ചെയ്യണമെന്നാണ് ദൈവഹിതം.

ഇടറാതെ പാപലോകത്തിലൂടെ യേശു നടന്നതുപോലെ നടക്കാൻ കഴിയുന്ന ഒരു പുതിയ ഹൃദയത്തെ നൽകേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. എല്ലാം അനുഭവങ്ങളെയും ക്രിസ്തുവിനെപ്പോലെ ആകാനുള്ള അവസരമായും കാണാൻ ദൈവം സഹായിക്കണം. മാനസാന്തരത്തിലേക്കു നയിക്കുന്ന അവസരങ്ങളായി ഹൃദയത്തിനേറ്റ മുറിവുകളെ കാണുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●

## 10 ആരാണ് ഈ മൽക്കീസേദെക് ?

ഉടമ്പടിയിലേക്ക് പ്രവേശിച്ച ആളുകൾക്ക് വളരെയധികം പ്രോത്സാഹനവും ആശ്വാസവും ആത്മീയമായ ഉത്തേജനവും നൽകുന്ന വസ്തുതകളാണ് ഇതെല്ലാം. കാരണം ക്രിസ്തുവിന്റെ നിയമത്തിലേക്ക് വന്ന പുതിയനിയമ വിശ്വാസികളെല്ലാം പഴയ പ്രമാണം അനുസരിച്ചിരുന്നവരാൽ പീഡിപ്പിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ ക്രിസ്തുവിൻ പൗരോഹിതത്തിന്റെ കീഴിലുള്ള നിത്യമായ രക്ഷയും പാപമോചനവും പ്രാപിച്ചവർ എന്നെന്നേക്കുമുള്ള പ്രത്യാശയോടെ, നിത്യമായ രക്ഷയുടെ ആനന്ദത്തോടെ, ദൈവീക വാഗ്ദത്തങ്ങൾ സ്വീകരിച്ച് ദൈവത്തോടുകൂടി സമാധാനം ആചരിക്കുന്നു.

അതുകൊണ്ട് ലേവ്യാപൗരോഹിതത്താൽ ഒരിക്കലും ആർക്കും സത്ഗുണപൂർത്തി വരുന്നില്ല. ആരും നീതിമാന്മാരായി മാറുന്നില്ല. അതുകൊണ്ടു തന്നെയാണ് എന്നേക്കും നിലനിൽക്കുന്ന ഒരു പുരോഹിതൻ വരേണ്ടത് ആവശ്യമായി തീർന്നത്. അതുകൊണ്ട് മനുഷ്യരുടെ കൈയാൽ നടക്കുന്ന ശുശ്രൂഷകളിലൂടെ നിലനിന്നു പോന്നിരുന്ന പഴയനിയമ പൗരോഹിത്യം അവസാനിച്ചിരിക്കുന്നു. എന്നെന്നേക്കും നിലനിൽക്കുന്ന ഒരു പൗരോഹിത്യം പ്രാബല്യത്തിൽ വന്നിരിക്കുന്നു. അതിൻെറ പ്രതിനിധി ആയി മൽക്കീസേദെക് അബ്രഹാമിൽ നിന്ന് ദശാംശം വാങ്ങിച്ചു കൊണ്ട് സൂചിപ്പിക്കുകയും, യേശുക്രിസ്തു പുതിയ നിയമത്തിൻെറ മഹാപുരോഹിതനായി വന്നിട്ട് തൻെറ ക്രൂശിലെ മരണത്തിലൂടെ അത് എന്നെന്നേക്കുമായി ഉറപ്പിക്കുകയും ചെയ്തു.

•

## 12 ആകുലമകറ്റി മുന്നേറാം...

തലയ്ക്കു മുകളിലൂടെ പക്ഷികൾ പറക്കുന്നത് ഒഴിവാക്കാൻ നിങ്ങൾക്കു സാധിക്കയില്ലായിരിക്കാം. പക്ഷെ നിങ്ങളുടെ തലയിൽ പക്ഷികൾ കൂടുവയ്ക്കാതെ നോക്കുവാൻ നിങ്ങൾക്കു സാധിക്കും' എന്നു ജോൺ വെസ്ലി പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ഇല്ലാത്ത സൗകര്യങ്ങളെപ്പറ്റി ഭാരപ്പെടാതെ ഉള്ള സൗകര്യങ്ങൾക്കുള്ളിൽ ജീവിതം ഒതുക്കി നിർത്തുവാൻ ശ്രമിക്കണമെന്നാണ് ക്രിസ്തു തന്റെ അനുയായികളെ ഉപദേശിച്ചത്. ആ ഉപദേശങ്ങൾ പ്രാവർത്തികമാക്കുന്നവർക്ക് ആകുലപ്പെടാതെ ജീവിതയാത്രയിൽ മുന്നോട്ടു പോകുവാൻ സാധിക്കും.

ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാതെ ഭാരപ്പെടുന്നവർ യേശുവിന്റെ ഉപദേശങ്ങൾ ഏറ്റെടുക്കുമ്പോൾ വ്യത്യസ്തരായി രൂപാന്തരപ്പെടുന്നു. അവരുടെ ജീവിതരീതികൾക്കും പാടേ മാറ്റം വരുന്നു. വരുമാനം വർദ്ധിക്കുന്നില്ലെങ്കിലും ജീവിതം കൂടുതൽ സന്തോഷകരമായിത്തീരുന്നു. ആവശ്യങ്ങൾ പരിമിതപ്പെടുത്തുവാൻ ദൈവം കൃപ നൽകുന്നതിനാൽ കടം വാങ്ങേണ്ടി വരുന്നില്ല. ആവശ്യങ്ങൾ ചുരുക്കി ഉള്ള സൗകര്യങ്ങൾക്കുള്ളിൽ ജീവിതം ക്രമീകരിക്കുന്നതിലൂടെ സന്തോഷ സമൃദ്ധി കരസ്ഥമാക്കുവാനും നിലനിർത്തുവാനും കഴിയുന്നു. ഓരോ ക്രിസ്തുഭക്തന്റെയും ജീവിതവിജയത്തിനു പിന്നിൽ ഈ രഹസ്യം നിലകൊള്ളുന്നു.

ക്രിസ്തുവിന്റെ അനുയായികൾ ഇന്നലെകളെക്കുറിച്ചു ദു:ഖിക്കുകയോ, നാളെകളെയോർത്തു ഭാരപ്പെടുകയോ ചെയ്കയില്ല. വാങ്ങാത്ത കടത്തിനു മുമ്പേറു കൊടുക്കുന്ന പലിശയാണ് ചിന്താകുലമെന്ന് അവർക്കറിയാം. അതതു ദിവസം ദൈവം നൽകുന്ന ഉത്തരവാദിത്തങ്ങൾ നിർവഹിച്ചു കൊണ്ട് ജീവിക്കുന്നവരാണ് ക്രിസ്തുഭക്തർ. നാം ദൈവരാജ്യം അന്വേഷിക്കാൻ തീരുമാനിക്കുമ്പോൾ നമ്മുടെ കാര്യങ്ങളെല്ലാം അതിന്റെ കൂടെ നിവർത്തിക്കപ്പെട്ടുകൊള്ളും. ജീവിതം ദൈവകരങ്ങളിൽ ഭരമേല്പിച്ചു കൊണ്ട് അവന്റെ രാജ്യവും നീതിയും അന്വേഷിച്ചു മുന്നേറാം.

ഒരു ആശ്രമത്തിലെ ഭക്ഷണമുറിയിൽ പതിച്ചുവച്ചിരിക്കുന്ന ചില വാക്യങ്ങൾ രേഖപ്പെടുത്തി ഉപസംഹരിക്കട്ടെ:'Yesterday is dead, Forget it. Tomorrow doesn't exist, Don't worry about it, Today is here, Use it, Eternity is ahead, Think of it'. (ഇന്നലെ എന്ന ഭൂതകാലം പൊലിഞ്ഞുപോയി, അതു മറന്നു കളയൂ. നാളെ എന്ന ഭാവികാലം നിലവിലില്ല, ആകുലപ്പെടാതിരിക്കൂ. ഇന്ന് എന്ന വർത്തമാനകാലം ഇവിടെയുണ്ട്, അത് ഉപയോഗപ്പെടുത്തൂ. അനന്തമായ നിത്യത മുമ്പിലുണ്ട്, അതിനെപ്പറ്റി ചിന്തിക്കൂ.) ആകുലമകറ്റി നിത്യജീവൻ പ്രാപിച്ച് നിത്യത കരഗതമാക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

•

വിഷയം. പിശാചിന്റെ കോട്ട ഞാൻ തകർക്കുമ്പോൾ, മല്ലന്മാരെ നിലംപരിചാക്കുമ്പോൾ, അവന്റെ അടിമത്തത്തിൽ നിന്നു ഞാൻ ജനങ്ങളെ വിടുവിക്കുമ്പോൾ, യിസ്രായേലിൽ നിന്ന് ഞാൻ നിന്ദയെ നീക്കിക്കളയുകയാണ്.

"എന്റെ ജനത്തെ ഫെലിസ്ത്യരുടെ കയ്യിൽ നിന്നു രക്ഷിക്കും" (1 ശമുവേൽ 9:16) എന്നു പറഞ്ഞാണ് ദൈവം ശൗലിനെ രാജാവാക്കിയത്. എന്നിട്ടിപ്പോൾ ഒരു ഫെലിസ്ത്യന്റെ മുമ്പിൽ നിന്ന് ഓടിപ്പോകുന്നു. ശൗൽ ആൾ മോശക്കാരനല്ല. ഫെലിസ്ത്യമല്ലനായ ഗോല്യാത്തിന്റെയത്ര നീളമില്ലെങ്കിലും യിസ്രായേലിൽ എല്ലാവരെക്കാളും നീളമുള്ള ആളായിരുന്നു (1 ശമുവേൽ 10:23- ഏകദേശം ഗോല്യാത്തിനോളം തന്നെ നീളം) ശൗൽ ഒരിക്കൽ നന്നായി പോരാടിയിരുന്നതുമാണ് (1 ശമുവേൽ 14: 47). എന്നാലിപ്പോൾ ശൗലിന് ഒരു പടപ്പുറപ്പാടിനെപ്പറ്റി ആലോചിക്കാനേ വയ്യ. അതിനു അവൻ കൂലിക്കാരെ തിരക്കുകയാണ്. ഫെലിസ്ത്യമല്ലൻ വെല്ലുവിളിയുമായി നിൽക്കുമ്പോൾ ശൗൽ പറയുന്നത്: എനിക്കു പേടിയാ, പിന്നെ ആരെങ്കിലും ചെന്ന് അവനെ കൊന്നാൽ ഞാൻ പണം തരാം. പദവികളും തരാം. വേണമെങ്കിൽ എന്റെ മകളെയും. പോരാട്ടത്തിനു ഞാനില്ല.

നേരത്തെ പോരാടിയിരുന്ന പലരും ഇന്നു പോരാട്ടത്തിനില്ല. നേരത്തെ സുവിശേഷം അറിയിച്ചിരുന്ന പലരും ഇപ്പോൾ സുവിശേഷം പറയാനില്ല. നേരത്തെ പരസ്യയോഗം നടത്തിയിരുന്നവർക്ക് ഇന്നിപ്പോൾ രഹസ്യയോഗം നടത്താൻപോലും പേടിയാണ്. പൊലീസ് പിടിക്കും, കോടതി വിധിക്കും, ജോലിയിൽ എക്സിറ്റ് അടിക്കും. എന്തൊരു പേടി. എന്തിനാണ് ദൈവം നമ്മെ ഭൂമിയിൽ ആക്കിയിരിക്കുന്നത്? ശത്രുവിനോടു പോരാടി അവന്റെ രാജ്യത്തെ കീഴടക്കി ദൈവരാജ്യം വ്യാപിപ്പിക്കുവാൻ. പോരാട്ടത്തിനായി വിളിക്കപ്പെട്ട സഭ പോരാട്ടം മറന്നാൽ പിന്നെ അതിന്റെ ഭൂമിയിലെ നിലനിൽപിനുതന്നെ പ്രസക്തിയില്ല. സഭ സുവിശേഷീകരണത്തിൽ നിന്നു പിന്മാറിയതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ദുരന്തം.

സുവിശേഷീകരണം കൂലിക്കാരെ ഏല്പിക്കുന്നത് ഇന്നൊരു ഫാഷനായി മാറിയിരിക്കുന്നു. അയൽപക്കക്കാരനോടു സുവിശേഷമറിയിക്കാൻ പേടിയാണ്. ജീവിതത്തിലൊരു ട്രാക്ട് ആർക്കും കൊടുത്തിട്ടില്ല.എന്നാൽ കൺവൻഷൻ സ്പോൺസർ ചെയ്യാൻ തയ്യാർ

പണ്ട് സഭയിൽ എല്ലാവരും സുവിശേഷം അറിയിച്ചിരുന്നു. എല്ലാവരും ട്രാക്ട് കൊടുത്തിരുന്നു. എല്ലാവരും ഭവനങ്ങൾ കയറിയിറങ്ങി വചനം പറഞ്ഞിരുന്നു. കൺവൻഷനിൽ എല്ലാവരും പാടിയിരുന്നു. എല്ലാവരും ഒരുമിച്ചുചേർന്നു പന്തലിട്ടു, ഒന്നിച്ചു ഭക്ഷണമൊരുക്കി, ഓരോരുത്തരും ആളുകളെ ക്ഷണിച്ചു കൊണ്ടുവന്നു. ഇന്നിപ്പോൾ എല്ലാം കൂലിക്കാർ...പാട്ടുപാടുന്നവൻ അതു കഴിയുമ്പോൾ കിട്ടാൻപോകുന്ന കൂലിയെക്കുറിച്ച് ചിന്തിച്ചുകൊണ്ടു പാട്ടുപാടുന്നു. പ്രസംഗിക്കുന്നവൻ മടങ്ങിപ്പോകുമ്പോൾ കിട്ടുന്ന കൈമടക്കിനെപ്പറ്റി ഓർത്തുകൊണ്ട് പ്രസംഗിക്കുന്നു. എല്ലാം കൂലിക്കുവേണ്ടി. സ്പോൺസർമാരെ കണ്ടുപിടിക്കാനും ഈ കൂലിക്കാർക്ക് ഉത്സാഹമാണ്. കൺവൻഷൻ ഞങ്ങൾ നടത്തിക്കോളാം സാറ് സ്പോൺസർ ചെയ്താൽ മതി. മൊത്തമായി സ്പോൺസർ ചെയ്യാൻ പറ്റിയില്ലെങ്കിൽ ഭാഗികമായി ചെയ്താലും മതി. പാട്ടുകാരെ സ്പോൺസർ ചെയ്യൂ... അല്ലെങ്കിൽ പ്രസംഗകരെ... അതല്ലെങ്കിൽ പന്തൽ.... ഒരു നേരത്തെ ശാപ്പാട്. ഒന്നും വയ്യെങ്കിൽ പന്തലിന്റെ ഒരു തൂണ്. ഇതൊക്കെ കാണിക്കുന്നത് ആർക്കുവേണ്ടിയാണ്. ദൈവത്തിനുവേണ്ടിയോ? ദൈവസഭയെ ഫെലിസ്ത്യമല്ലനെക്കാൾ നിന്ദയിൽ കുഴിച്ചുമൂടുന്നത് ഈ നാണംകെട്ട കൂലിക്കാരല്ലയോ?

യുദ്ധം ചെയ്യുന്നവന് ആവശ്യമുള്ളത് അങ്ങോട്ടെത്തിച്ചു കൊടുക്കാൻ ദൈവം ആളുകളെ ഒരുക്കും. യുദ്ധക്കളത്തിലേക്കു യിശ്ശായി ഒരുപറ മലരും, അപ്പം പത്തും, പാൽക്കട്ട പത്തും കൊടുത്തുവിടുന്നത് (1 ശമുവേൽ 17: 17,18) ശൗൽ ഇരന്നതു കൊണ്ടല്ലല്ലോ. ദൈവം യിശ്ശായിയുടെ ഹൃദയത്തിൽ തോന്നിച്ചു. യഹോവയുടെ യുദ്ധത്തിൽ പങ്കാളിത്തം വഹിക്കാൻ യിശായി മൂന്നുമക്കളെ വിട്ടുകൊടുത്തു. തന്റെ സമ്പാദ്യത്തിന്റെ പങ്കും കൊടുത്തുവിട്ടു. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. യഹോവയുടെ യുദ്ധച്ചിലവിന് നാടുനീളെ ഇരന്നുനടക്കുന്നത് ഭൂഷണമാണെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

വാസ്തവത്തിൽ ശൗൽ ഫെലിസ്ത്യനോട് യുദ്ധത്തിനൊരുമ്പെടാഞ്ഞതും ഒരു കണക്കിനു

നന്നായി. ഒന്നാമത് അനുസരണക്കേടു കാണിച്ച് സ്വന്തം കസേരയിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ശൗലിനോട് അവന്റെ ഭരണം അവസാനിച്ചുവെന്ന് നേരത്തെ തന്നെ പ്രവാചകൻ പറഞ്ഞിരുന്നു (1 ശമുവേൽ 13;13-14; 15;23). ദൈവം രാജസ്ഥാനത്തു നിന്നു മാറ്റിയവൻ ഫെലിസ്ത്യമല്ലന്റെയടുത്ത് യുദ്ധത്തിനുചെന്നാൽ നാണം കെട്ട തോൽവിയല്ലാതെ മറ്റെന്തെങ്കിലും പ്രതീക്ഷിക്കാനുണ്ടോ? ദൈവം തള്ളിക്കളഞ്ഞ ശൗലുമാർ വെറുതെ യുദ്ധത്തിനിറങ്ങി പരാജയപ്പെട്ടു നാണംകെടുന്നത് നാം എത്രയോ കണ്ടിരിക്കുന്നു.

പ്രവാചകനായ ശമൂവേലും അവനെ വിട്ടുപോയി എന്നു നാം ഓർക്കണം (1 ശമുവേൽ 15: 35). ശൗലിനെ അഭിഷേകം ചെയ്തത് ശമൂവേലാണെങ്കിലും അഭിഷേകം കളഞ്ഞുകുളിച്ച ശൗലിനോടുകൂടെ ശമൂവേലിനു അധികകാലം നിൽക്കാൻ കഴിയില്ല! ശൗലിനെ ദൈവാത്മാവും വിട്ടുപോയി എന്നോർക്കണം. ഇപ്പോൾ അവന്റെമേലുള്ളത് ദുരാത്മാവാണ് (1 ശമുവേൽ 16:14). അങ്ങനെയുള്ളവൻ ഫെലിസ്ത്യനോടു യുദ്ധത്തിനൊരുങ്ങിയാൽ എന്തായിരിക്കും ഗതി?

എന്നാൽ യഹോവയുടെ ആത്മാവ് ദാവിദിന്മേൽ ആവസിക്കുന്നതുകൊണ്ട് ദാവിദിനു ഫെലിസ്ത്യമല്ലനെ ഭയന്നോടാൻ കഴിയില്ല. അവൻ പോരാട്ടത്തിനൊരുങ്ങിക്കഴിഞ്ഞു. എന്നാൽ ദാവീദ് പടയ്ക്കൊരുങ്ങിയപ്പോൾ 'പ്രതികൂല'വും ആരംഭിച്ചു. ആടിനെ മേയ്ച്ചുനടന്നാൽ ആർക്കും വിരോധമില്ല. യുദ്ധം ചെയ്യുന്നവനു പാൽക്കട്ടി കൊടുത്താലും (സ്പോൺസർ ചെയ്താലും) ആർക്കും വിരോധമില്ല. എന്നാൽ ശത്രുവിനെതിരെ പോരാടാൻ പടക്കളത്തിലേക്കിറങ്ങുമ്പോൾ ശത്രുക്കൾ വീട്ടിൽനിന്നു തന്നെയുണ്ടാകും (മത്തായി 10:36). മൂത്ത ജ്യേഷ്ഠൻ ഏലിയാബ് ദാവീദിനോടു കോപിച്ചു... നീ എന്തിനിവിടെ വന്നു? മരുഭൂമിയിലെ ആടുകളുടെ കാര്യം ആരു നോക്കും? (1 ശമുവേൽ 17: 28). നിരുത്തരവാദിത്തമായി നടക്കുന്ന ഒരു യുവാവ് മാനസാന്തരപ്പെട്ട് സുവിശേഷവേലയ്ക്കു തീരുമാനിച്ചാൽ, അവൻ അന്നുവരെ വീട്ടുകാര്യമൊന്നും നോക്കിയിട്ടില്ലെങ്കിലും വീട്ടുകാരുടെയും നാട്ടുകാരുടെയും അടുത്തചോദ്യം "നിന്റെ അനിയന്മാരെ ആരു പഠിപ്പിക്കും? പെങ്ങളെ ആര് കല്യാണം കഴിപ്പിക്കും? അപ്പനും അമ്മയ്ക്കും പ്രായമാകുമ്പോൾ ആരു നോക്കും? ആരു വീടുപണിയും? സുവിശേഷമെന്നു പറഞ്ഞുനടന്നാൽ മതിയോ? ഉത്തരവാദിത്തം വേണം. ഗൾഫിലോ അമേരിക്കയിലോ ബാംഗ്ലൂരിലോ ജോലികിട്ടിയാൽ അപ്പനെയും അമ്മയെയും നോക്കിയില്ലെങ്കിലും സാരമില്ല, വടക്കെ ഇന്ത്യയിലെ ഗ്രാമത്തിൽ സുവിശേഷകനായി പോകുന്നവന് മാത്രം അപ്പനും അമ്മയും തടസം. ഇതാണ് ലോകനീതി.

എന്നാൽ സുവിശേഷവേല ചെയ്യുന്നവൻ ഉത്തരവാദിത്തബോധമില്ലാത്തവനാണെന്നു ചിന്തിക്കരുത്. ദാവീദ് പടക്കളത്തിലെത്തിയത് സ്വന്ത ഇഷ്ടപ്രകാരമല്ല, അപ്പന്റെ കല്പന അനുസരിച്ചാണ്. അപ്പൻ പറയാതെ ആരും പടക്കളത്തിലിറങ്ങേണ്ട. അപ്പൻ പറഞ്ഞാൽ പടക്കളത്തിലിറങ്ങാൽ മടിക്കുകയും വേണ്ട. പിന്നെ പടക്കളത്തിലേക്കു പോകുന്ന ദാവീദ് ആടുകളെ മരുഭൂമിയിൽ സംഹത്തിനു കൊടുത്തേച്ചൊന്നുമല്ല പോകുന്നത്. ദാവീദ് അതികാലത്ത് എഴുന്നേറ്റ് ആടുകളെ കാവൽക്കാരന്റെ പക്കൽ വിട്ടേച്ച്, യിശായി തന്നോട് കല്പിച്ചതൊക്കെയും ചെയ്തു (1 ശമുവേൽ 17: 2). ശരിക്കും ഉത്തരവാദിത്തമുള്ള മകൻ! "നിന്റെ അഹങ്കാരവും നിഗളഭാവവും എനിക്കറിയാം... പട കാണാനല്ലേ നീ വന്നത്?" ഏലിയാബ് ചോദിച്ചു! (പട കാണാൻ പട എവിടെ?ആകെയുള്ളത് രാവിലത്തെ എക്സൈർസൈസും പിന്നെ മല്ലനെ കാണുമ്പോളുള്ള ഓട്ടവും മാത്രം!)

ദാവീദ് പറഞ്ഞു: എന്നോടു ദേഷ്യപ്പെടാൻ ഞാൻ എന്തു ചെയ്തു. ഞാനൊരു വാക്കല്ലേ പറഞ്ഞുള്ളൂ. ശരിക്കും ഈ വാക്യത്തിന്റെ തർജ്ജമ ഇതാണ്: "ഞാനിപ്പോൾ ഒന്നും ചെയ്തില്ലല്ലോ... (ചെയ്യാൻ പോകുന്നതേ ഉള്ളൂ) ഞാൻ വെറുതെ ഒരു പാഴ്വാക്ക് പറഞ്ഞതാണെന്നു ചിന്തിക്കുന്നുണ്ടോ?" ഈ ഫെലിസ്ത്യനെ കൊല്ലാൻതന്നെ ഞാൻ തീരുമാനിച്ചിരിക്കുന്നു എന്നാണ് ദാവീദ് പറയുന്നത്! അതുകൊണ്ടാണ് അവനെ ശൗലിന്റെ അടുത്ത് എത്തിക്കാൻ ആളുകൾ തീരുമാനിച്ചത്!

ഇന്നത്തെ സഭയുടെ സ്ഥിതിയും ഇതാണ്! പോരാട്ടം മറന്ന സഭ ഒരു വശത്ത്! അഭിഷേകം നഷ്ടപ്പെട്ട-പോരിനു പ്രാപ്തിയില്ലാതെ കൂലിക്കാരെ തിരയുന്ന നേതൃത്വം അതിന്റെ കോണിൽ! ഇവിടെയിപ്പോൾ ആവശ്യം ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള, പോരാട്ടവീര്യമുള്ള ദാവീദിനെയാണ്!

പിശാചിനോടൊതിർത്ത് അവന്റെ കോട്ടകളെ തകർത്ത് ബദ്ധന്മാരെ വിടുവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

●

# വഞ്ചിതരാകരുത്

**വ്യാ**ജ കറൻസി ട്രേഡിങ് വെബ്സൈറ്റ് തട്ടിപ്പിൽ കുടുങ്ങി ഐ.ടി. ജീവനക്കാരന് രണ്ടേകാൽ കോടി രൂപ നഷ്ടമായി. ഓൺലൈൻ ട്രേഡിങ് നടത്തിയിരുന്ന കഴക്കൂട്ടം സ്വദേശിയെയാണ് സാമൂഹികമാധ്യമം വഴി തട്ടിപ്പിനിരയാക്കിയത്. വ്യാജ വെബ്സൈറ്റിൽ ലോഗിൻ ചെയ്യിച്ചശേഷം പല രാജ്യങ്ങളുടെ കറൻസി വിനിമയംചെയ്യുന്നതായി തെറ്റിദ്ധരിപ്പിച്ച് വിവിധ പേരിലുള്ള അക്കൗണ്ടുകളിലേക്ക് ലക്ഷക്കണക്കിനു രൂപ നിക്ഷേപം നടത്തിക്കുകയായിരുന്നു തട്ടിപ്പുകാർ ചെയ്തിരുന്നത്.

രൂപയിൽ നിക്ഷേപിച്ച പണം ഡോളറാക്കിയും വിവിധ രാജ്യങ്ങളുടെ കറൻസിയാക്കിയും ലാഭമുണ്ടാക്കിയെന്നു തെറ്റിദ്ധരിപ്പിച്ചതാണ് വേറൊരു വാർത്ത. നിക്ഷേപിച്ച പണം പിൻവലിക്കാൻ ശ്രമിച്ചപ്പോൾ, ലാഭത്തിന്റെ 30 ശതമാനം തുക നികുതിയായി നിക്ഷേപിക്കാൻ വീണ്ടും ആവശ്യപ്പെട്ടു. ഒരു മാസം കൊണ്ടാണ് 2.25 കോടിയിലധികം രൂപ അയാൾക്ക് നഷ്ടമായത്. ചുമട്ടുതൊഴിലാളിയെ കബളിപ്പിച്ച കേസിൽ വിയറ്റ്നാം സ്വദേശിയടക്കം മൂന്നുപേർ പിടിയിലായതു മറ്റൊരു വാർത്ത. ട്രേഡിങ്ങിലൂടെ ഇരട്ടി പണം നേടാമെന്നു വിശ്വസിപ്പിച്ച് ചുമട്ടുതൊഴിലാളിയിൽനിന്ന് രണ്ടര ലക്ഷത്തിലേറെ രൂപ തട്ടിയെടുത്ത വിയറ്റ്നാം സ്വദേശിയടക്കം മൂന്നുപേർ പിടിയിൽ. അടുത്തകാലത്ത് വാർത്താമാധ്യമങ്ങളിൽ വന്ന ചില വാർത്തകളാണ് ഇതൊക്കെ!

സമീപ വർഷങ്ങളിൽ ഡിജിറ്റൽ പെയ്മെന്റ് രീതികളുടെ ഉപയോഗത്തിൽ ഒരു കുതിച്ചുചാട്ടം ആണ് ഉണ്ടായിരിക്കുന്നത്. വേഗത്തിലും അനായാസമായും സാമ്പത്തിക ഇടപാടുകൾ നടത്തുവാൻ സാധിക്കുന്നത് നല്ല കാര്യം തന്നെയാണ്. അപ്പോൾ തന്നെ ഓൺലൈൻ വഴി നടക്കുന്ന സാമ്പത്തിക തട്ടിപ്പുകളുടെ എണ്ണവും വർദ്ധിച്ചിരിക്കുന്നു. ഈ കാര്യങ്ങളെക്കുറിച്ച് നല്ല പരിചയമില്ലാത്ത ആളുകൾ മാത്രമല്ല, വിദ്യാസമ്പന്നരായ ആളുകളും തട്ടിപ്പിനിരയാകുന്നു എന്നുള്ളത് എത്രമാത്രം ജാഗ്രത ഈ കാര്യത്തിൽ എല്ലാവർക്കും ഉണ്ടായിരിക്കണം എന്നുള്ളതല്ലേ സൂചിപ്പിക്കുന്നത്. കഠിനാധ്വാനത്തിൽ കൂടി നേടിയ പണം അപഹരിക്കുവാൻ നൂതനമായ രീതികളാണ് തട്ടിപ്പുകാർ ഇപ്പോൾ ഉപയോഗിക്കുന്നത്.

ഭാഗ്യക്കുറിയിൽ നിന്ന് വൻതുക സമ്മാനം നേടിയതായി തട്ടിപ്പുകാർ ഫോൺ വഴി അറിയിക്കുന്നു. ഉപഭോക്താവിനോട് തട്ടിപ്പുകാർ പണം സ്വീകരിക്കുന്നതിനായി വ്യക്തിഗത വിവരങ്ങൾ സ്ഥിരീകരിക്കുന്നതിനായി ബാങ്ക് അക്കൗണ്ട്, ക്രെഡിറ്റ് കാർഡ് വിവരങ്ങൾ അവരുടെ വെബ്സൈറ്റിൽ നൽകുവാൻ ആവശ്യപ്പെടാറുണ്ട്. ഭവിഷ്യത്തുകൾ ചിന്തിക്കാതെ വിശദവിവരങ്ങൾ അയച്ചുകൊടുക്കുന്നവർ വഞ്ചിക്കപ്പെടുന്നു. മറ്റു ചില സന്ദർഭങ്ങളിൽ ലോട്ടറിയടിച്ച സമ്മാനം ലഭിക്കുന്നതിന് മുൻകൂട്ടി നികുതി അടയ്ക്കുവാനോ, ഷിപ്പിംഗ് തുക, പ്രോസസിംഗ് ഫീസ് മുതലായവ മുൻകൂർ അടയ്ക്കുവാനോ ആവശ്യപ്പെടുന്നു. അവിശ്വസനീയമായ ഇത്തരം സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുമ്പോൾ ജാഗ്രത പാലിക്കണം. ആരും സൗജന്യമായി പണം നൽകാറില്ല. പ്രത്യേകിച്ച് വൻതുകകൾ. സമ്മാനം അടിച്ചു എന്നുള്ള മെസ്സേജിന് മറുപടിയായി വ്യക്തിപരമായ യാതൊരു വിവരങ്ങളും കൈമാറ്റം ചെയ്യരുത്. സമ്മാനത്തുക ലഭിക്കുന്നതിന് കെവൈസി പുതുക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് ബാങ്കുകളിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ എന്നപോലെ തട്ടിപ്പുകാർ അയക്കുന്ന സന്ദേശങ്ങളോട് പ്രതികരിക്കരുത്.

കൈ നനയാതെ മീൻ പിടിക്കുന്നവർ എന്ന പഴഞ്ചൊല്ലു പോലെ പെട്ടെന്ന് ധനവാന്മാരാകുവാനും മെയ്യനങ്ങാതെ കാശുണ്ടാക്കുവാനുമുള്ള മനുഷ്യരുടെ നിലപാടുകളാണ് പലപ്പോഴും ചൂഷകന്മാർ മുതലെടുക്കുന്നത്. ഏതായാലും എല്ലാവരും ഇക്കാര്യത്തിൽ ജാഗ്രതയുള്ളവരാകണം എന്നതാണ് ഈ സംഭവങ്ങൾ നൽകുന്ന മുന്നറിയിപ്പ്. •

# സമാപ്തിക്കുറിപ്പ്

മനസ്സിന്റെ അസ്ഥിരത വരുത്തുന്ന ദുരന്തങ്ങൾ വളരെ വലുതാണ്. മനസ്സിന്റെ ചാഞ്ചാട്ടം തന്നെയാണ് ഇരുമനസ്സും. 'പാപികളെ, കൈകളെ വെടിപ്പാക്കുവിൻ, ഇരുമനസ്സുള്ളവരെ ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ' (യാക്കോബ് 4:8) എന്ന തിരുവെഴുത്ത് നാം പലപ്പോഴും മനസ്സോടെ മറക്കുകയാണ്. ചതിയന്മാരുടെയും ഹീനജനത്തിന്റെയും ശൈലിയായിട്ടാണ് ഇരട്ടത്താപ്പിനെ നാം പൊതുവേ വിവക്ഷിക്കുക. പഴയനിയമത്തിൽ യിസ്രായേലിന്റെ കപടഭക്തിക്കെതിരെ ആഞ്ഞടിച്ച പ്രവാചകനായ ഏലിയാവ് ചാഞ്ചല്യം ഉള്ള ഹൃദയത്തെ വിശേഷിപ്പിച്ചത് ഇങ്ങനെ: 'നിങ്ങൾ എത്ര കാലം ഇങ്ങനെ രണ്ടു വഞ്ചിയിൽ കാൽ വച്ചു നീങ്ങും?' (1 രാജാക്കന്മാർ 18 : 21). 'How long will you go limping between two different opinion?' എന്നാണ് ഒരു ഇംഗ്ലീഷ് പരിഭാഷയിൽ ഉള്ളത്. ദൈവത്തെയും ബാലിനെയും ഒരുമിച്ചു കൊണ്ടുപോകാനുള്ള യിസ്രയേലിന്റെ കുടിലതന്ത്രത്തെയാണ് ഏലിയാവ് ഇവിടെ വിമർശിച്ചത്.

ഇന്ന്, പുതിയ നിയമയുഗത്തിലും ഇരുമനസ്സന്നെ വിശ്വാസവഞ്ചനയെ തന്ത്രപൂർവ്വം താലോലിച്ചു കൊണ്ടു പോകുന്ന അനേകം പേരെ കാണാം. ചിലർക്ക് ദൈവത്തെയും മാമോൻ എന്ന യജമാനനെയും ഒരേ തോണിയിൽ ചേർത്തുകൊണ്ടു പോകാനുള്ള ഡിപ്ലോമാറ്റിക് തന്ത്രം നല്ല വശമാണ്. മറ്റു ചിലർക്ക് ലോകവും പത്രാസും പ്രതാപവും ഒക്കെ ദൈവത്തോട് ചേർത്തുനിർത്തി 'വിശ്വാസജീവിതം' നയിക്കാൻ ഒരു ജാള്യതയുമില്ല! ലോകത്തിന്റെ മിത്രം ആകാൻ ആഗ്രഹിക്കുന്നവർ സ്വയം ദൈവത്തിൻെറ ശത്രുവായിത്തീരുന്നു എന്നതാണ് യാഥാർത്ഥ്യം. ലോകത്തെയും ദൈവത്തെയും ഒരുപോലെ സ്നേഹിക്കുന്ന ഇരുമനസ്സുകാരെ 'വ്യഭിചാരിണികൾ' എന്നും 'അവിശ്വസ്തരായ ജന്തുക്കൾ' എന്നുമാണ് തിരുവചനം വിശേഷിപ്പിച്ചിട്ടുള്ളത്.

നമ്മുടെ അവയവങ്ങളിലുള്ള പാപപ്രമാണവും വിശുദ്ധ ജീവിതത്തിനായുള്ള പ്രമാണവും തമ്മിലുള്ള പോരാട്ടം അസ്ഥിരതയുള്ള ഹൃദയത്തിൽ നിന്നുളവാകുന്ന യാഥാർത്ഥ്യങ്ങളായി മനസ്സിലാക്കേണം. അതേക്കുറിച്ചാണ് 'ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും' വിട്ടുപോകാനുള്ള സാത്താന്റെ തന്ത്രത്തെ പൗലോസ് കൊരിന്ത്യാസഭയിലെ വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുന്നത്. 'യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന് ഭൂമിയിലെല്ലാം ഊടാടിക്കൊണ്ടിരിക്കുന്നു' (2 ദിനവൃത്താന്തം 15 :9) എന്ന വചനം ദൈവത്തിൽ മാത്രം പൂർണ്ണഹൃദയത്തോടെ ആശ്രയിക്കുന്നവർക്കുള്ള ഉണർത്തുപാട്ടാണ്. അതെ, നമ്മുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ വരുവാനുള്ള കൃപയിൽ നമുക്ക് പൂർണ്ണ പ്രത്യാശ വയ്ക്കാം.

**-എംസി**


**നേർവീഥി**

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.01.2025

NERVEEDHI - JANUARY 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ

ഇപ്പോൾ ലഭ്യമാണ്




മനുഷ്യജീവിതം പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞതാണ്.
എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും
പരിഹാരം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്.
ജീവിതപ്രശ്നങ്ങളെ ദൈവാശ്രയത്തോടെ
ഫലപ്രദമായി നേരിടുന്നത് എങ്ങനെയെന്ന് ദൈവവചനത്തിന്റെയും
നിരവധി ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ
**ബ്രദർ ജോയ് എം. തോമസ്**
ഈ ചെറുപുസ്തകത്തിലൂടെ നിങ്ങളോട് വിശദീകരിക്കുന്നു.

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib

വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്
ഏറ്റവും പ്രയോജനപ്രദമായ ക്രിസ്തീയ മാസിക
**നേർവീഥി**
വായിക്കുക... വരിക്കാരാവുക

*Address for Communication :*
*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.